
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 33 ലക്കം ഉയിർപ്പ് മാർച്ച് 2015 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ക്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

നമ്മുടെ സാമൂഹ്യബന്ധങ്ങൾ അനുകമ്പ, കൂറ്, ശുഭാപ്തിവിശ്വാസം, സത്യസന്ധത എന്നിവയാൽ പരിപുഷ്ടമാക്കപ്പെടണം.

എളിമ ആദ്ധ്യാത്മികജീവിതത്തിന്റെ അടിത്തറ ആയിരിക്കുന്നതുപോലെതന്നെ സ്നേഹത്തിന്റെയും അടിത്തറയാണ്.

നമ്മിലെ 'ഞാൻ' എന്ന ഭാവത്തെ അതിജീവിക്കുന്നതിലൂടെ നമ്മിലുണ്ടാകുന്ന ശൂന്യത എത്രമാത്രം വലുതാണോ അത്രമാത്രം നാം ദൈവസാന്നിധ്യംകൊണ്ടും ദൈവകൃപകൊണ്ടും സമ്പന്നരാകും.

എളിമയുടെ മനോഭാവം എന്നത് നമ്മുടെ ഇല്ലായ്മയെക്കുറിച്ചും ദൈവത്തിന്റെ ഉള്ളായ്മയെക്കുറിച്ചുമുള്ള തിരിച്ചറിവാണ്. അപ്പോൾ എളിമ ദൈവത്തിന്റെ നേർക്കുള്ള പുത്രസഹജമായ ആശ്രയത്വവും സ്നേഹവും ആദരവുമായിത്തീരും.

എളിമയിൽ അടിസ്ഥാനമിടാത്ത സ്നേഹം മിഥ്യാസ്നേഹമാണ്.

എളിമയുള്ള വ്യക്തി ശുശ്രൂഷയുടെയും സഹോദരങ്ങളുടെ നേർക്കുള്ള സംലഭ്യതയുടെയും ഉദാരതയുടെയും അവസ്ഥയിലായിരിക്കും.

നാമെല്ലാവരും ദൈവപിതാവിന്റെ ഇടതടവില്ലാത്ത സ്നേഹകടാക്ഷത്തിൻ കീഴിലാണെന്ന് ഓർമ്മിക്കുകയും അത് അനുഭവിക്കുകയും ചെയ്യണം. ജീവിതത്തിൽ കാർമേഘങ്ങൾ വന്നുമൂടുമ്പോഴും പിതാവു നമ്മെ ശ്രവിക്കുന്നില്ല എന്ന അനുഭവം ഉണ്ടാകുമ്പോഴും, ദുഷ്ടന്റെയും ശിഷ്ടന്റെയും മേൽ ഒരുപോലെ മഴ പെയ്യിക്കുകയും നന്മ ചെയ്യുന്നവരുടെയും തിന്മ ചെയ്യുന്നവരുടെയുംമേൽ ഒരുപോലെ വെയിൽ നല്കുകയും ചെയ്യുന്ന നല്ലവനായ പിതാവിന്റെ ഇടതടവില്ലാത്ത സ്നേഹകടാക്ഷത്തിൻകീഴിലാണ് നാമെന്ന് ഓർക്കുക.


നിന്നോട് ആരെങ്കിലും ഒരു സഹായം ചോദിക്കുകയാണെങ്കിൽ, നിനക്ക് അതു സാധ്യമാണെങ്കിൽ അതു നല്ല മനസ്സോടെ ചെയ്യുക. ശരിക്കും നിനക്കു സാധ്യമല്ലെങ്കിൽ ശാന്തതയോടെ, ക്ഷമാപണത്തോടെ മറുപടി പറയുക.

അപരന്റെ സ്വഭാവത്തിന്റെ ന്യൂനതകളെക്കുറിച്ച് ബോധ്യമുള്ളതുപോലെ നമ്മുടെ സ്വഭാവത്തിന്റെ ന്യൂനതകളെക്കുറിച്ചും നമുക്കു ബോധ്യമുണ്ടായിരിക്കണം.

ചെറിയ കാര്യങ്ങളുടെ ക്രമീകരണത്തിൽനിന്നുമാണ് വലിയ കാര്യങ്ങൾ ഉണ്ടാകുന്നത്.

ഒരു കാര്യം എളുപ്പമാണോ അല്ലെങ്കിൽ ബുദ്ധിമുട്ടുള്ളതാണോ എന്നതല്ല പ്രധാനം, പ്രത്യുത അത് ദൈവത്തിന്റെ ഇഷ്ടത്തോട് അനുരൂപമാണോ എന്നതാണ്.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 33 ഉയിർപ്പ് ലക്കം മാർച്ച് 2015

**“ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം”** (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**സ്റ്റെഫി മംഗലത്തുകുന്നേൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- തിരിച്ചറിവിന്റെ പ്രഭാതത്തിലേക്ക് 03
- സഭാത്മകജീവിതം 05
- ഉത്ഥാനത്തിലായിരിക്കുവാൻ 08
- പണിക്കാർ ഉപേക്ഷിച്ച കല്ല് 10
- സമർപ്പിതവർഷം 12
- ഉത്ഥാനം 13
- ഉത്ഥിതന്റെ പിന്നാലെ 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Yet There is Hope 18
- കുടുംബം സന്തോഷം പകരുന്ന ഇടം 20
- ഉയിർപ്പ് 23
- അനുഗൃഹീതമീ ഇടം 24
- അവിശ്വാസിയായ തോമാ 27
- ഉയിർപ്പു പുലരിയിലുതിരുന്ന.... 28
- യാത്ര നാം പോയിടാം 30
- സെനക്കിൾ തരംഗം 31
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 32

എഡിറ്റോറിയൽ

# ഉത്ഥിതന്റെ സാന്നിദ്ധ്യം

ആരാധനാവത്സരത്തിന്റെതന്നെ കേന്ദ്രബിന്ദുവായ മിശിഹായുടെ ഉത്ഥാനം ധ്യാനവിഷയമാക്കുന്ന ഉയിർപ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പാപത്തിന്റെയും മരണത്തിന്റെയുംമേലുള്ള ഈശോയുടെ വിജയം, പുതുജീവൻ തുടങ്ങിയവയും ഈ ആരാധനാവത്സരകാലഘട്ടത്തിലെ ചിന്താവിഷയങ്ങളാണ്.

മരിച്ചടക്കപ്പെട്ടെങ്കിലും ഈശോയുടെ സാന്നിദ്ധ്യം തേടാതിരിക്കാൻ മഗ്ദലേനമറിയത്തിനും കൂടെയുള്ള സ്ത്രീകൾക്കുമായില്ല. കാരണം, ഈശോയിലൂടെ ദൈവത്തിന്റെ സ്നേഹം അനുഭവിച്ചവർക്ക് ആ സ്നേഹത്തിൽ തുടരാതിരിക്കാനാവില്ല. യഹൂദരെ ഭയന്ന് ശിഷ്യന്മാർ മുറിക്കുള്ളിൽ കഴിഞ്ഞപ്പോഴും ഈ സ്ത്രീകൾ ഈശോയുടെ സാമീപ്യത്തിനായി കല്ലറയെ സമീപിച്ചു. ദൈവത്തെ കണ്ടെത്താനായി സമീപിക്കേണ്ട ഒരു 'കല്ലറ' നമുക്കുമുണ്ട്. ഈശോയുടെ പെസഹാരഹസ്യത്തിന്റെ ഓർമ്മയാചരണമായ പരി. കുർബാനയർപ്പിക്കപ്പെടുന്ന ബലിപീഠം അവിടുത്തെ കല്ലറയുടെയും അടയാളമാണല്ലോ. ഉത്ഥിതനായ തന്റെ സാന്നിദ്ധ്യത്തിലേക്ക് നമ്മുടെ കണ്ണുകൾ തുറക്കപ്പെടേണ്ടത് പരി. കുർബാനയിലൂടെയാണെന്ന് എമ്മാവൂസ് സംഭവത്തിലൂടെ അവിടുന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. കുർബാനയർപ്പണത്തിലൂടെ തിരുവോസ്തിരൂപനായി മാറുകയും നമ്മിലോരോരുത്തരിലും ജീവിക്കുകയും ചെയ്യുന്ന മിശിഹായാണ് നമ്മുടെ ജീവിതത്തിന്റെ അർത്ഥവും അടിസ്ഥാനവും.

കുരിശിൽ മരിച്ച്, ഉയിർപ്പിക്കപ്പെട്ട്, മഹത്ത്വീകരിക്കപ്പെട്ട മിശിഹായാണ് ഈലോകത്തിലെ കുരിശുകളെ സ്വീകരിക്കുവാൻ നമുക്കു പ്രചോദനമാകേണ്ടത്. സഹനങ്ങൾ നിറഞ്ഞ ജീവിതത്തെ ദൈവഹിതമാകുന്ന അഗ്നിയിൽ വിശുദ്ധീകരിച്ച് മിശിഹായിൽ ഒന്നായിത്തീർന്നവരാണ് വിശുദ്ധന്മാർ. അതുകൊണ്ടുതന്നെ ഉയിർപ്പുകാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച പൗരസ്ത്യ സുറിയാനിസഭയിൽ സകല വിശുദ്ധരുടെയും ഓർമ്മ അനുസ്മരിക്കുന്നു. മധ്യപൂർവദേശങ്ങളിലും മറ്റു പലയിടങ്ങളിലും വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ജീവൻ ബലികഴിക്കുന്ന അനേകം രക്തസാക്ഷികളെയും നമുക്ക് ഓർക്കാം. വിശ്വാസം ഉപേക്ഷിക്കാത്തതിന്റെ പേരിൽ കൺമുമ്പിൽ സ്വന്തം കുഞ്ഞുങ്ങൾ കൊല്ലപ്പെടുന്നതു കാണേണ്ടിവരുന്ന മാതാപിതാക്കൾക്കുവേണ്ടിയും ജീവൻ നഷ്ടപ്പെടുന്ന എല്ലാവർക്കും വേണ്ടിയും നമുക്കു പ്രാർത്ഥിക്കാം. തങ്ങളുടെ ജീവൻ മരണത്തിലല്ല, മഹത്ത്വത്തിലാണ് അവസാനിക്കുന്നത് എന്ന അവബോധവും ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസവുമാണ് തീർച്ചയായും അവരെ മുന്നോട്ടു നയിക്കുന്നത്. പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഉത്ഥിതന്റെ സമാധാനവും ശാന്തിയും ലോകമെങ്ങും നിറയുന്നതിനുവേണ്ടിയും തിരുസന്നിധിയിലേക്ക് മനമുയർത്താം. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ!

**ചീഫ് എഡിറ്റർ**





# തിരിച്ചറിവിന്റെ പ്രഭാതത്തിലേക്ക്

**ജിസ കൂട്ടിയാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

യുദ്ധത്തിൽ തോറ്റ് നിരാശനായി ജീവിതത്തെപഴിക്കുന്ന, കഴിഞ്ഞ നാളുകളിലെ അദ്ധ്വാനമെല്ലാം വൃഥാ ആയല്ലോ എന്ന് വിലപിക്കുന്ന ഒരു നേതാവിന്റെ പിന്നാലെ പരാജിതനായി, കുനിഞ്ഞ ശിരസ്സോടെ ഇറങ്ങിപ്പോകുമ്പോഴും ആ ഹൃദയം ആരെയോ തേടിയിരുന്നു; കടൽക്കരയിൽ നിന്ന് തന്നെ വിളിച്ച സ്വരത്തിന്റെ ഉടയവനെ.... രാത്രിയുടെ യാമങ്ങളിൽ കൂട്ടുകാരോടൊപ്പം അലറിയടുക്കുന്ന കടലിനോട് മല്ലിടുമ്പോഴും ആ കണ്ണുകൾ പരതി.... വരുമോ അവൻ? വലകീറിപ്പോകുമാറ് മത്സ്യങ്ങളെ വള്ളത്തിന്റെ വലതുവശത്തു വിതറിയവൻ! പ്രഭാതത്തിന്റെ കാലൊച്ച കിഴക്ക് കേട്ടപ്പോഴേക്കും ശരീരവും മനസ്സും തളർന്നിരുന്നു; എങ്കിലും ആ ഹൃദയം തേങ്ങി. ഇത്രയുമായിട്ടും എന്തേ അവൻ വരുന്നില്ല? കടൽക്കരയിൽ മീൻ വാങ്ങാൻ വന്ന ഏതോ ഒരുവന്റെ ചോദ്യം.

"കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?" ക്ഷീണത്തിന്റെയും ദുഃഖത്തിന്റെയും കാഠിന്യത്തിൽ മുഖംപോലും ഉയർത്താതെ എല്ലാവരുടെയും കൂടെ അവനും വിളിച്ചു പറഞ്ഞു. "ഇല്ല"... "വള്ളത്തിന്റെ വലതുവശത്തു വല വീശുക". വീണ്ടും അജ്ഞാതന്റെ സ്വരം. തന്റെ ഹൃദയമിടിപ്പുകൾക്കൊപ്പം താളംപിടിച്ചിരുന്ന ആ വചനങ്ങൾ ഒരിക്കൽ കൂടി തന്റെ കാതുകളിൽ മുഴങ്ങിയപ്പോൾ അറിയാതെ അവൻ മുഖമുയർത്തി നോക്കി. ആ കണ്ണുകൾ തിളങ്ങി. ഹൃദയം ജ്വലിച്ചു. ചാടിയെഴുന്നേറ്റ് ദിഗന്തങ്ങൾ പൊട്ടുമാറുച്ചത്തിൽ അവൻ വിളിച്ചു പറഞ്ഞു. "അത് കർത്താവാണ്". താനാരെ പ്രതീക്ഷിച്ചിരുന്നോ, ആർക്കുവേണ്ടി കാത്തിരുന്നോ, അവന്റെ മുഖമാണ് കടൽക്കരയിലെ അജ്ഞാതനെന്ന 'തിരിച്ചറിവ്'. ഒരു സന്ധ്യ മുതൽ പ്രഭാതം വരെയുള്ള സമയമാണ് തിരിച്ചറിവിന്റെ ദൂരം. തന്റെ കാത്തിരിപ്പിനപ്പുറം ദൈവസ്നേഹത്തിന്റെ ചെറുനാമ്പുകൾ വിരിയുന്നതു കാണുവാൻ മാത്രം കണ്ണിന്റെ കാഴ്ച തെളിയുമ്പോൾ അത് 'തിരിച്ചറി'വായി. സന്ധ്യയുടെ വെളിച്ചമില്ലായ്മയും രാത്രിയുടെ കൂരിരുട്ടും അദ്ധ്വാനത്തിന്റെ ഫലമില്ലായ്മയും പരാജയത്തിന്റെ ഹൃദയനൊമ്പരങ്ങളും കടലിന്റെ ഭയാനതകളും മുമ്പിൽ താണ്ഡവനൃത്തമാടുമ്പോൾ, ഒരു പ്രഭാതമുണ്ടാകുമെന്നും അവിടെ കടൽക്കരയിൽ തന്നെ കാത്തുനില്ക്കുന്നവൻ ഉണ്ടാകുമെന്നുമുള്ള വിശ്വാസമാണിത്.

സ്നേഹത്തിന്റെ പ്രതിഫലനമാണ് 'തിരിച്ചറിവ്'. അവൻ തന്നെ സ്നേഹിച്ചിരുന്നു എന്ന ബോധ്യം ഹൃദയത്തിൽ കോറിയിട്ടിരുന്നു യോഹന്നാൻ. താൻ ഉപേക്ഷിച്ചാലും തന്നെ തേടി അവൻ വരും എന്ന് അവന്റെ വിശ്വാസം തെല്ലും അസ്ഥാനത്തായില്ല. കടൽക്കരയിൽ നിന്നവൻ തന്റെ കർത്താവാണെന്ന് വേഗത്തിൽ തിരിച്ചറിയാനായതും അതുകൊണ്ടായിരിക്കും.

ലോകം അറയ്ക്കുന്ന ചെളിക്കുണ്ടിൽ നിന്നും കാരുണ്യത്തിന്റെ കരതലം നീട്ടികൊടുത്ത് അവൻ ഉയർത്തിയെടുത്ത മഗ്ദലന. അവന്റെ മരണശേഷവും അവൾ അവനെയും തേടിപ്പോയി. തനിക്കവനെ കാട്ടിത്തന്നാൽ ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം എന്ന് ഉറപ്പിച്ചുപറയുന്നു അവൾ. 'മറിയം' എന്ന ആ സ്നേഹപൂർവ്വകമായ വിളി തന്റെ കർത്താവിന്റേതാണെന്ന് 'തിരിച്ചറി'യാൻ അവൾക്ക് കൂടുതൽ സമയം വേണ്ടിവന്നില്ല.

ഒരൊറ്റ നോട്ടത്തിൽ പത്രോസ് തിരിച്ചറിഞ്ഞു, അവൻ തന്നെ എത്രത്തോളം സ്നേഹിച്ചിരുന്നു എന്ന്. തള്ളിപ്പറയുമെന്ന് ഉറപ്പുണ്ടായിരുന്നിട്ടും കൂടെകൊണ്ടുനടന്ന, അധികാരത്തിന്റെ താക്കോൽ തന്നെ വിശ്വസിച്ചേൽപിച്ചവന്റെ നോട്ടം കരയിച്ചുകളഞ്ഞു പത്രോസിനെ. ഒന്നും രണ്ടും ദിവസമല്ല, ഒരു ജീവിതം മുഴുവൻ.


നിയമം പ്രാവർത്തികമാക്കാൻ കഠിനമായി പെരുമാറുമ്പോഴും ഹൃദയത്തിന്റെ ഒരു കോണിൽ ഒരല്പം സ്നേഹവും അനുകമ്പയും സൂക്ഷിച്ചിരുന്നിരിക്കണം ആ ശതാധിപൻ. അതുകൊണ്ടാണല്ലോ തന്റെ മുമ്പിൽ കുരിശിന്മേൽ ഉയർന്ന ക്രൂശിതനെ നോക്കി ഈ മനുഷ്യൻ യഥാർത്ഥത്തിൽ ദൈവപുത്രനായിരുന്നു എന്ന തിരിച്ചറിവിന്റെ വാക്കുകൾ അദ്ദേഹം ഉച്ചരിച്ചതും.

ഈ ഉയിർപ്പുതിരുനാൾ നമുക്കും തിരിച്ചറിവിന്റേതാകട്ടെ. നമ്മുടെ ജീവിത യാഥാർത്ഥ്യങ്ങൾ ആഴക്കടൽപോലെ ഭയാനകങ്ങളായാലും അവയോടൊപ്പം നാമും അവസാനിച്ചു എന്നു തോന്നിയാലും കടൽക്കരയിൽ നമ്മെയും കാത്ത് കർത്താവുണ്ടെന്ന് തിരിച്ചറിയാം നമുക്ക്. പാപത്തിന്റെ പടുകുഴിയിലേക്ക് നാം വീണുപോയാലും ഇനി കരപറ്റാനാവില്ല എന്ന നിരാശയിലേക്ക് ആഴ്ന്നുപോയാലും അവിടുന്ന് പ്രാതലൊരുക്കി കാത്തിരിക്കുന്ന തിബേരിയാസ് തീരങ്ങളെ തിരിച്ചറിയണം നാം. നഷ്ടദുഃഖങ്ങളുടെ എമ്മാവൂസ് യാത്രയിൽ വഴിയാത്രക്കാരനായി കൂടെയുണ്ടാവും അവൻ. ഹൃദയത്തിൽ സ്നേഹത്തിന്റെ ജ്വലനം നല്കി, കാരുണ്യത്തിന്റെ പാഥേയമായി, കൂടെ വസിക്കുന്നവനായി...

ഒരിറ്റു സ്നേഹം ഹൃദയത്തിൽ സൂക്ഷിച്ചാൽ മതി അവനെ തിരിച്ചറിയാൻ... ഈ ഉയിർപ്പുകാലം അതിനു നമ്മെ സഹായിക്കട്ടെ.







# സഭാത്മകജീവിതം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

ഉത്ഥാനത്തിനുശേഷം നാല്പതുദിവസം ഈശോ പന്ത്രണ്ടു ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെടുകയും അവരെ സുവിശേഷപ്രഘോഷണത്തിന് ഒരുക്കുകയും ചെയ്ത രംഗമാണ് നടപടിപുസ്തകം 1-ാം അദ്ധ്യായം 3 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സെനക്കിളിലാണ് ഇതു സംഭവിച്ചത് എന്നുവേണം കരുതുവാൻ. ഈശോയുടെ സ്വർഗാരോഹണത്തിനുശേഷം അവർ മറിയത്തോടൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നതും ഇവിടെയായിരുന്നിരിക്കണം (നട 1,12-13). ഉത്ഥാനശേഷം ഇവിടെവച്ചുതന്നെയാണ് ഉത്ഥിതൻ തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷനായതെന്ന് വി. യോഹന്നാന്റെ സുവിശേഷത്തിലും സൂചനയുണ്ട് (യോഹ 20,19). അതുകൊണ്ട് ഇവിടെ ശിഷ്യർക്കുണ്ടായ അനുഭവം സെനക്കിൾ ആദ്ധ്യാത്മികതയെ മനസ്സിലാക്കുവാൻ സഹായകമാകും.

### അരൂപിക്കടുത്ത പ്രബോധനം

"പീഡാനുഭവത്തിനുശേഷം നാല്പതു ദിവസത്തേക്ക് ഈശോ അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചു" (നട

1,3). ഉത്ഥാനത്തിനുശേഷമുള്ള ഈശോയുടെ പ്രത്യക്ഷപ്പെടലും പ്രബോധനവും ശ്ലീഹന്മാരുടെ ആധികാരികതയ്ക്ക് നിർണായകമാണ്. പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരഞ്ഞെടുപ്പിനും അവരുടെ ശ്ലൈഹിക ദൗത്യത്തിനും ആധികാരികത നല്കുന്നത് ഉത്ഥാനത്തിനുശേഷമുള്ള ഈശോയുടെ പ്രത്യക്ഷപ്പെടലും പ്രബോധനവുമാണ്. ഉത്ഥാനത്തിലൂടെ സഭയിൽ നിത്യം സന്നിഹിതനായിരിക്കുന്ന ഈശോ തന്റെ പ്രബോധനപരമായ സാന്നിദ്ധ്യം പ്രായോഗികമായി നിർവഹിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. മിശിഹായുടെ ആത്മാവായിട്ടാണല്ലോ പരിശുദ്ധാത്മാവ് സഭയിൽ പ്രവർത്തിക്കുന്നത് (യോഹ 20,22). മിശിഹാ പഠിപ്പിച്ചതെല്ലാം അനുസ്മരിപ്പിക്കുകയും മിശിഹായാകുന്ന സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുകയും ചെയ്യുന്ന സഹായകനാണ് പരിശുദ്ധാത്മാവ് (യോഹ 14,26; 16,12-13). ഈ അരൂപിക്കടുത്ത പ്രബോധനമാണ് ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണമെന്ന തങ്ങളുടെ ശ്ലൈഹികദൗത്യം നിർവഹിക്കുവാൻ ശിഷ്യരെ പ്രാപ്തരാക്കിയത്. സഭയിൽ ഇന്നും പ്രബോധനദൗത്യം നിർവഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത് ഈ അരൂപിയ്ക്കടുത്ത പ്രബോധനമാണ്. ഈ പ്രബോധനത്തിന് നാം സ്വയം വിധേയരാകണം.

**പരിശുദ്ധ കുർബാനയനുഭവം**

"അവൻ അവരോടൊപ്പം ഭക്ഷണത്തിനിരിക്കുമ്പോൾ കല്പിച്ചു" (നട 1,4). പന്ത്രണ്ടു പേരോടൊപ്പം ഭക്ഷണത്തിനിരിക്കുമ്പോഴാണ് ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടതും പഠിപ്പിച്ചതും എന്നുപറയുന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഉത്ഥിതനായ ഈശോ ശിഷ്യരോടൊപ്പം ഭക്ഷണത്തിനിരിക്കുന്ന മറ്റു വിവരണങ്ങളും സുവിശേഷങ്ങളിലുണ്ട് (ലൂക്കാ 24,30.41-43; മർക്കോ 15,14; യോഹ 21,9-13). തന്റെ പരസ്യജീവിതത്തിലും ശിഷ്യരോടൊപ്പം ഭക്ഷണത്തിനിരിക്കുമ്പോൾ പ്രധാനപ്പെട്ട പ്രബോധനങ്ങൾ നല്കുന്ന ഒരു പതിവ് ഈശോയുടെ ജീവിതത്തിലുണ്ടായിരുന്നു (ലൂക്കാ 7,36-50; 10,38-42; 11,39-52; മത്താ 9,10-13). അന്ത്യത്താഴവേദിയിൽ തന്റെ ശിഷ്യരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോഴാണല്ലോ ഈശോ തന്റെ പീഡാനുഭവമരണോത്ഥാനങ്ങളുടെ സ്മാരകമായ പരിശുദ്ധ കുർബാന സ്ഥാപിച്ചത്. ആദിമസഭയിൽ അപ്പംമുറിക്കലിലും ഭക്ഷണത്തിലും പങ്കുചേർന്ന് ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യത്തിൽ സന്തോഷംകൊള്ളുന്ന ശിഷ്യഗണത്തെ കണ്ടുമുട്ടുന്നുണ്ട് (നട 2,46). ഇന്നും പരിശുദ്ധ കുർബാനയാഘോഷമാണ് നാം ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടുന്ന സമുന്നതമായ വേദി. കുർബാനയാഘോഷത്തിൽ ഉറച്ച വിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടുംകൂടെ പങ്കുചേർന്ന് ജീവിക്കുന്ന മിശിഹായോടൊത്തായിരിക്കുന്ന അനുഭവത്തിൽ വളരാൻ നമുക്കു കഴിയണം.

**അരൂപിയിലുള്ള മാമ്മോദീസാനുഭവം**

"നിങ്ങൾ ജറുസലേം വിട്ടുപോകരുത്. എന്നിൽനിന്നു നിങ്ങൾ കേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ. ... നിങ്ങളാകട്ടെ ഏറെത്താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനമേല്ക്കും" (നട 1,4-5). ജറുസലേമാണ് സഭയുടെ ജന്മവേദി. സഭയുടെ സാർവത്രിക പ്രേഷിതദൗത്യ നിർവഹണത്തിന് തുടക്കംകുറിക്കുന്നതും ജറുസലേമിലാണ്. അവിടെവച്ച് അരൂപിയിലുള്ള മാമ്മോദീസാനുഭവം ഏറ്റുവാങ്ങിയിട്ടുവേണം തങ്ങളുടെ പ്രേഷിതയാത്ര ആരംഭിക്കുവാനെന്ന് ഉത്ഥിതനായ ഈശോ ശിഷ്യരെ ഉൽബോധിപ്പിക്കുന്നു. അരൂപിയിലുള്ള മാമ്മോദീസാനുഭവത്തെ പിതാവിന്റെ വാഗ്ദാനമായിട്ടും ഉന്നതത്തിൽനിന്നുള്ള ശക്തിധരിക്കൽ പ്രക്രിയയായിട്ടുമാണ് ലൂക്കാസുവിശേഷകൻ അവതരിപ്പിക്കുന്നത്: "ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാനയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ" (ലൂക്കാ 24,49). മംഗളവാർത്തയിൽ പരിശുദ്ധ കന്യാമറിയത്തിന്റെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നത് ഉന്നതത്തിൽനിന്നുള്ള ശക്തിധരിക്കൽ പ്രക്രിയയായിട്ടാണല്ലോ (ലൂക്കാ 1,35). ശ്ലീഹന്മാരും ഇപ്രകാരം ഒരനുഭവത്തിലൂടെ കടന്നുപോകണം. എങ്കിൽ മാത്രമേ അവർ സുവിശേഷപ്രഘോഷണത്തിനു പ്രാപ്തരാകുകയുള്ളു. യോഹന്നാന്റെ പന്തക്കുസ്തായിൽ (യോഹ 20,22) ഒന്നാം ദിവസം അരൂപിയെ സ്വീകരിച്ച ശ്ലീഹന്മാർ ലൂക്കായുടെ പന്തക്കുസ്തായിൽ (ലൂക്കാ 2,1-13) അമ്പതാം ദിവസമാണ് അരൂപിയെ ശക്തിയായി ധരിച്ചത്. ഉത്ഥിതനായ മിശിഹായുടെ പ്രബോധനത്തിലും സഭയുടെ പ്രാർത്ഥനയിലുമുള്ള പങ്കുചേരലാണ് ഈ ശക്തി ധരിക്കൽ പ്രക്രിയയിൽ നിർണായകമായത്. മാമ്മോദീസായിൽ നമുക്കു ലഭിച്ച പരിശുദ്ധാത്മാവിനെ ശക്തിയായി ധരിക്കുവാൻ നാം ശിഷ്യരെപ്പോലെ സഭാത്മകമായ പഠനത്തിലും പ്രാർത്ഥനയിലും സദാ താല്പര്യപൂർവം പങ്കുചേരണം.

**മിശിഹായുടെ സാക്ഷികൾ**

"പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (നട 1,8). നടപടിപുസ്തകം വിവരിക്കുന്ന ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണശുശ്രൂഷയും അതിന്റെ ഫലമായുണ്ടായ സഭയുടെ സാർവത്രിക വളർച്ചയും എടുത്തുകാണിക്കുന്ന ഒരു വാചകമാണിത്. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണശുശ്രൂഷ മൂന്നു ഘട്ടങ്ങളായിട്ടാണ് പുരോഗമിക്കുന്നത്. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണം ആരംഭിക്കുന്നത് ജറുസലേമിലാണ് (നട 2,14-36).

പഴയനിയമ ദൈവജനത്തിന്റെ അധിവാസകേന്ദ്രമായിരുന്നു ജറുസലേം. പിന്നീട് സുവിശേഷപ്രഘോഷണവും സഭയും യൂദയായിലേക്കും സമറിയായിലേക്കും വ്യാപിച്ചു (നട 8,4-25). പിന്നീട് അന്ത്യോക്യായിലേക്കും (നട 11,19-26) റോമിലേക്കും (നട 27) ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണം പുരോഗമിച്ചു. അങ്ങനെ "എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ പ്രകാശമായി നല്കും" എന്ന് ഏശയ്യാപ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്ത പ്രവചനം ശ്ലീഹന്മാരിലൂടെ സഭയിൽ നിറവേറുന്നതായി കാണാം. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാജീവിതത്തിലൂടെയും സഭയുടെ പ്രബോധനം, പ്രാർത്ഥന, കൂട്ടായ്മ എന്നിവയിലുള്ള പങ്കുചേരലിലൂടെയും അരൂപിയിൽ ശക്തി പ്രാപിച്ച് സമൂഹത്തിൽ മിശിഹായുടെ സാക്ഷികളാകുവാൻ നാം നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കണം.

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER

## PRATHEEKSHAYUDE POOMOTTUKAL

### Form - IV

| | | |
|---|---|---|
| 1. | Place of Publication | : Manganam, Spirituality Centre; Manganam P.O., Kottayam |
| 2. | Periodicity of Publication | : Monthly |
| 3. | Printer's Name | : Annamma Kulathupurayidom |
| | Nationality | : Indian |
| | Address | : Apostolic Oblates, Manganam P.O., Kottayam-686 018 |
| 4. | Publisher's Name | : Annamma Kulathupurayidom |
| | Nationality | : Indian |
| | Address | : Apostolic Oblates, Manganam P.O., Kottayam-686 018 |
| 5. | Editor's Name | : Fr. Mathew Vellanickal |
| | Nationality | : Indian |
| | Address | : Apostolic Oblates, Manganam P.O., Kottayam-686 018 |

I Annamma Kulathupurayidom hereby declare that this particulars given above are true to the best of my knowledge and belief.

Sd/-

March 2015 — Signature of Publisher



# ഉത്ഥാനത്തിലായിരിക്കുവാൻ

**സാബി, കോഴിക്കോട്**

ഉത്ഥാനതിരുനാൾ തങ്ങളുടെ ജീവിതത്തിന് അർത്ഥം നല്കുന്ന, ആത്മീയതയ്ക്ക് നിലനില്പു നല്കുന്ന സ്വർഗീയ യാത്രയ്ക്ക് പിൻബലം നൽകുന്ന, ഈ തിരുനാൾ ക്രൈസ്തവ ലോകം കെങ്കേമമായി ആഘോഷിക്കുന്നു. വിരക്തിയുടെ അമ്പതുനാളുകളിൽ നിന്നും അമിത സ്വാതന്ത്ര്യത്തിന്റെ മേച്ചിൽപ്പുറങ്ങളിലേക്കുള്ള ഒരു പരിലസനമായും ഇതിനെ പരിഗണിക്കുന്ന ചില പമ്പരവിഡ്ഢികളുണ്ട്. നമ്മുടെ രക്ഷകനും പരിപാലകനും സർവ്വശക്തനുമായ ഈശോനാഥന്റെ പുനരുത്ഥാനം സഭാജീവിതത്തിന്റെ അടിത്തറയാണ്. കലണ്ടറിലെ അക്കങ്ങൾ മാറുന്നതനുസരിച്ച് ആഘോഷങ്ങളും ഹൃദയങ്ങളിൽ ചലനങ്ങൾ സൃഷ്ടിക്കാതെ കടന്നുപോകുന്നു. എല്ലാത്തിലും കൃത്രിമത്വം പടർന്നുകയറുന്നു. ഉത്ഥാനത്തിരുനാൾ ഏതൊരുവനും സാധ്യമാണ്. എന്നാൽ നിരന്തരം 'ഉത്ഥാനത്തിലായിരിക്കുക, ഉത്ഥിതനിലേക്കു നയിക്കുക' എന്നത് ഈശോ ഹൃദയത്തിൽ കുടിയിരിക്കുന്നവനേ കഴിയൂ.

വർഷങ്ങൾക്കുമുമ്പ് ഗ്രാമപ്രദേശങ്ങളിലൊക്കെ വഴിവിളക്കുകൾ കുറവായിരുന്നപ്പോൾ ഭവനത്തിലേക്കുള്ള മടക്കയാത്രകൾക്ക് വെളിച്ചം നല്കിയിരുന്നത് വഴിവക്കിലുള്ള വീടുകളിലെ അമ്മമാർ സ്നേഹത്തോടെ കരുതിവച്ചിരുന്ന 'ചൂട്ടുകറ്റകളാ'യിരുന്നു. അത് സ്വീകരിക്കുന്ന ഓരോ വ്യക്തിയും വഴിയിലെ അപകടങ്ങളിൽ കുടുങ്ങാതെ, അന്ധകാരത്തെ വകഞ്ഞുമാറ്റി അവനവന്റെ ഭവനങ്ങളിൽ സുരക്ഷിതരായി എത്തിച്ചേർന്നിരുന്നു. ഈ 'ചൂട്ടുകറ്റകൾ' കൈമാറുക വഴി അവർ ദാനം ചെയ്തത് കലർപ്പില്ലാത്ത സൗഹൃദവും 'നീ സുരക്ഷിതനായിരിക്കുക എന്റെ ഉത്തരവാദിത്വം' എന്ന ഉറപ്പും പങ്കുവയ്ക്കലിന്റെ പാഠവുമാണ്. ഈ ഭവനം എനിക്കാശ്രയം എന്നത് ഓരോ വഴിപോക്കന്റെയും തിരിച്ചറിവാകുന്നു, അനുഭവമാകുന്നു. ചൂട്ടുകറ്റകൾ ചിരഞ്ജീവികളല്ല, സംതൃപ്തിയോടെ അപരന് വെളിച്ചം പകർന്ന് സ്വയം എരിഞ്ഞമരുന്നവർ. അതിനെ ദൈവം ഭരമേല്പിച്ചത് ഒരു വ്യക്തിയെ ഭവനത്തിലെത്തിക്കുവോളം കത്തിനില്ക്കുവാനാണ്. പിന്നെ അതിന്റെ ജീവിതം അപ്രസക്തമാണ്.

ഉത്ഥിതനായ മിശിഹാ തന്റെ സമാധാനവും പ്രതീക്ഷയും പകർന്നുനല്കുവാൻ വിളിക്കുന്ന ഉത്തരവാദിത്വമുള്ള വിളിയാണ് ഉയിർപ്പ്. തന്റെ മനുഷ്യാവതാര പീഡാനുഭവ മരണോത്ഥാനത്തിലൂടെ പകർന്നു നല്കിയ രക്ഷ ഒട്ടും കുറയാതെ, കൂടെ വസിക്കുന്നവർക്ക്, അയൽവാസികൾക്ക്, ലോകാതിർത്തിയോളം നല്കുവാനുള്ള കടമയാണ് ദൈവ മാഗ്രഹിക്കുക. രക്ഷ ലഭിച്ചവർ അപരന് രക്ഷയാകണം, സമാധാനമേറ്റുവാങ്ങിയവർ സമാധാനമേകണം, സ്നേഹത്താൽ മുദ്രിതമാക്കപ്പെട്ടവർ സ്നേഹം വിളമ്പുന്ന 'അമ്മ'മാരാകണം. പ്രത്യാശയറ്റ് മരണത്തെ പുല്കുവാൻ വെമ്പൽകൊള്ളുന്ന നിരാശരിലേക്ക്, ഭയാകുലരിലേക്ക്, അവസാനത്തെ വാതിലും കൊട്ടിയടയ്ക്കപ്പെട്ടവരിലേക്ക് പ്രതീക്ഷയുടെ പുതുമഴയായി പെയ്തിറങ്ങുവാനല്ലേ ഞാനും നീയും വിളിക്കപ്പെട്ടിരിക്കുന്നത്.

യോഹ 20:17 ൽ ഉത്ഥിതനെ കൈമാറിയ ഒരു ക്രിസ്തുശിഷ്യയെ പരിചയപ്പെടുത്തുന്നു. മഗ്ദലനമറിയം. അവളോട് ഒന്നേ കർത്താവ് ആവശ്യപ്പെടുന്നുള്ളു. എന്റെ സഹോദരങ്ങളോട് മിശിഹാ ഉത്ഥാനം ചെയ്തു എന്നു പറയുക. വിശ്വസ്തതയോടെ അവൾ കർത്താവിന്റെ ചൂണ്ടുപലകയായി. നമ്മുടെ കുടുംബത്തിലും ചുറ്റുമുള്ളവരിലും ഉത്ഥാനത്തിലായിരിക്കുന്നതിന്റെ സുഗന്ധം അനുഭവവേദ്യമാക്കുക. നമ്മുടെ വാക്കുകളിൽ, ചിന്തകളിൽ, ലിപികളിൽ, പ്രവൃത്തികളിൽ ഉത്ഥിതൻ പുനർജനിക്കട്ടെ.

അപരനെ മരണത്തിലാഴ്ത്തുന്നതല്ല പുതുജീവൻ പകരുവാൻ  
കെല്പുള്ള വാക്കുകൾ സ്വന്തമായുള്ളവൻ  
പ്രതിസന്ധികളിലും തന്നെ തളരാതെ താങ്ങുന്ന മിശിഹായുടെ  
കരങ്ങളിൽ തന്റെ ജീവിതം ശാന്തമാണെന്ന ചിന്തയുള്ളവൻ  
പാപിയായ തന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെ വിരല്പാടുകളിൽ  
'നീ എന്റെ സ്വന്തം' എന്നു കുറിച്ചുവച്ച തമ്പുരാന്റെ  
സ്നേഹാനുഭവം സ്വന്തമായുള്ളവൻ  
നഷ്ടപ്പെട്ടു എന്നു കരുതിയവയിൽ നിന്നും  
നേട്ടങ്ങൾ കൊയ്യുവാൻ കഴിയുന്ന വിശ്വാസസ്ഥിരതയുള്ളവൻ  
ആരുമില്ലാത്തവന്റെ ഓരം ചേർന്നു നടന്ന ഈശോയുടെ  
ആണിപ്പഴുതാർന്ന കരങ്ങളാൽ ശക്തിപ്രാപിച്ച്  
അപരനെയുയർത്താൻ നീട്ടിയ പാണിയാവാൻ കഴിയുന്നവൻ  
കാർമേഘനിബിഡമായ വദനങ്ങൾക്കു മധ്യേ  
പുഞ്ചിരിയുടെ മഴവില്ലു തെളിക്കാൻ കഴിയുന്നവൻ  
അവനാണ് ഉത്ഥാനത്തിലായിരിക്കുന്നവൻ  
അവനാണ് ഉത്ഥിതനിലേക്ക് നയിക്കുന്നവനും.



# പണിക്കാർ ഉപേക്ഷിച്ച കല്ല്

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

ഫാ. മാർട്ടിൻ ചിറ്റാടിയിലച്ചന്റെ പ്രത്യാശപ്പുസ്തകം എന്ന പുസ്തകത്തിൽ വായിച്ചതായി ഇങ്ങനെ ഓർക്കുന്നു. ഒരു കൊച്ചുകുട്ടി അന്ന് സ്കൂൾ വിട്ട് വന്നത് ക്ലാസ് ടീച്ചറിന്റെ കത്തുമായാണ്. കത്ത് വായിച്ച അമ്മയുടെ കണ്ണ് നിറഞ്ഞു. കത്തിൽ മകന്റെ പഠനനിലവാരത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. 'ഇനി ഇവിടെ പഠിപ്പിക്കാൻ പറ്റില്ല, അവനെ പഠിപ്പിക്കാൻ വളരെ ബുദ്ധിമുട്ടാണ്. ഒന്നും തലയിലേക്ക് കയറുന്നില്ല. ബുദ്ധി പ്രവർത്തിക്കുന്നത് വളരെ പതുക്കെയാണ്'. അമ്മ തീരുമാനിച്ചു, ഞാൻ തന്നെ എന്റെ കുഞ്ഞിനെ പഠിപ്പിക്കും. അവൾ കുഞ്ഞിനെ വീട്ടിലിരുത്തി ക്ഷമയോടെ പഠിപ്പിക്കാൻ തുടങ്ങി. അമ്മയുടെ ആത്മാർത്ഥ ശ്രമം ഫലം കണ്ടു.

മൂന്നു മാസം മാത്രം സ്കൂളിൽ പോകുകയും അമ്മയുടെ പരിശീലനം ലഭിച്ച് മിടുക്കനാവുകയും ചെയ്ത കുട്ടി വളർന്ന് പ്രസിദ്ധനായ ശാസ്ത്രജ്ഞനായി മാറി. വൈദ്യുത ബൾബ് കണ്ടുപിടിക്കുകയും മറ്റ് പല കണ്ടുപിടുത്തങ്ങൾ നടത്തുകയും ചെയ്ത തോമസ് ആൽവ എഡിസൻ എന്ന അത്ഭുത പ്രതിഭയാണ് ആ കുട്ടി എന്നത് ഒരു അത്ഭുതമാണ്.

ലോകം ബുദ്ധിയില്ലാത്തവനെന്ന് അവഹേളിച്ച് തള്ളിയെങ്കിലും ഇന്നത്തെ ബുദ്ധിമാൻമാർ പഠിക്കുന്നത് ബുദ്ധിയില്ലെന്ന് ലോകം പറഞ്ഞ എഡിസൺ കണ്ടുപിടിച്ച ബൾബിന്റെ ചുവട്ടിലിരുന്നാണ് എന്നുള്ളത് അതിലും വിചിത്രം! കാരണം "പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇത് കർത്താവിന്റെ പ്രവൃത്തിയാണ്" (മത്താ 21:42). വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോക ദൃഷ്ടിയിൽ അവിടുന്ന് ബലഹീനരെ തിരഞ്ഞെടുത്തു.

വെള്ളക്കാർ കരിങ്കുരങ്ങ് എന്ന് വിളിച്ച് അധിക്ഷേപിച്ച മാർട്ടിനാണ് (വി. മാർട്ടിൻ ഡി പോറസ്) അവരുടെ തന്നെ അൾത്താരയിൽ വണങ്ങപ്പെടുന്നത്. അതിശക്തന്മാരും സുന്ദരന്മാരുമായവരെയല്ല, നിഷ്കളങ്കനായ, ആടുമേച്ചു നടന്നിരുന്ന, ദാവീദിനെയാണ് ദൈവം തിരഞ്ഞെടുത്ത് രാജാവാക്കിയത്. പത്രങ്ങളിലും മാസികകളിലും വാർത്തകളിലും നിറഞ്ഞുനിന്നിരുന്ന കർദ്ദിനാൾമാരെയല്ല, ഒരു വാർത്താപ്രാധാന്യവും ആരും കൽപ്പിക്കാതിരുന്ന ജോർജ് ബൾഗോറിയോ എന്ന പാവം കർദ്ദിനാളിനെയാണ് മാർപാപ്പായായി ദൈവം തിരഞ്ഞെടുത്തത്.

മനുഷ്യൻ ബാഹ്യമായ കാര്യങ്ങളിൽ ശ്രദ്ധിക്കുമ്പോൾ ദൈവം ഹൃദയം പരിശോധിക്കുന്നു. ഈശോയിൽ ദൈവിക പൂർത്തീകരണം മനസ്സിലാക്കാതിരുന്ന ഫരിസേയരും പുരോഹിതരും അവനെ ദൈവപുത്രനായി മനസ്സിലാക്കിയില്ല. ബേൽസെബൂൽ ബാധിച്ചവനായും തച്ചന്റെ മകനായും ചുങ്കക്കാരുടെയും പാവപ്പെട്ടവരുടെയും കൂട്ടുകാരനായും കണ്ട് ഈശോയെ അവർ അധിക്ഷേപിച്ചു.

മാനസാന്തരപ്പെട്ട് ദൈവപുത്രനിൽ വിശ്വസിച്ച് ഫലംപുറപ്പെടുത്തുന്നവരാകാൻ ഈശോ അവരോട് ആവശ്യപ്പെടുന്നു. യഥാർത്ഥ ഫലം പുറപ്പെടുത്തുന്നില്ലെങ്കിൽ ദൈവരാജ്യം അവർക്ക് നഷ്ടപ്പെടുമെന്നും മുന്നറിയിപ്പ് നൽകുന്നു. വി. മത്തായിയുടെ സുവിശേഷം 21-ാം അദ്ധ്യായത്തിൽ 31-ാം വാക്യം വളരെ ശക്തമായ താക്കീത് നൽകുന്നു. "ഈശോ പറഞ്ഞു. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കുമുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക".

ഒരു കൂട്ടം പ്രാർത്ഥനകൾ ഉരുവിടുകയും ഉപവസിക്കുകയും ത്യാഗപ്രവൃത്തികൾ ചെയ്യുന്നു എന്ന് നടിക്കുകയും ചെയ്യുന്ന ഫരിസേയർക്കും നിയമജ്ഞർക്കുമുള്ള താക്കീതാണ് ഈശോയുടെ മുന്നറിയിപ്പെങ്കിലും ഇന്നത്തെ സമൂഹത്തിനോടും ഈശോയ്ക്ക് എന്തൊക്കെയോ പറയാനുണ്ട്.

നിറമോ, ജാതിയോ, വിദ്യാഭ്യാസമോ മാത്രം കണ്ട് ഒരുവനെ വന്ദിക്കുകയോ നിന്ദിക്കുകയോ ചെയ്യരുത്. എല്ലാവരിലും നന്മയുണ്ടെന്ന് ഓർക്കണം. ദാനംകിട്ടിയ ഷർട്ടിലുണ്ടായിരുന്ന സ്വർണ്ണമാല ഉടമസ്ഥന് തിരിച്ച് നൽകിയ നാടോടി സ്ത്രീയിലും നന്മയുടെ പൊൻകിരണമുണ്ടെന്ന് പത്രവാർത്തകളിലൂടെ നാം വായിച്ചതാണ്. ഒരു കഥ പറഞ്ഞ് ഈ കുറിപ്പ് അവസാനിപ്പിക്കുകയാണ്. കുരുമുളക് വളർത്തുന്ന ഒരു തോട്ടത്തിൽ, കുരുമുളക് പടർന്ന് നിൽക്കുന്ന മരത്തിനോട് ചേർന്ന് ഒരു കൊങ്ങിണി ചെടിയും വളരുന്നുണ്ടായിരുന്നു. കൊങ്ങിണിയുടെ കായും കുരുമുളകും കണ്ടാൽ ഏകദേശം ഒരുപോലെയിരിക്കും. കർഷകൻ കടന്നുപോകുമ്പോൾ കുരുമുളകിനെ തൊട്ടും തലോടിയും കടന്നുപോകും. കൊങ്ങിണിയെ ഗൗനിക്കാറില്ല. ഇതിൽ ദുഃഖിതനായ കൊങ്ങിണി കുരുമുളകിനോട് ചോദിച്ചു. "നിന്നെ യജമാനൻ തൊട്ടും തലോടിയും കടന്നുപോകുമ്പോൾ എന്നെമാത്രം ഗൗനിക്കാത്തത് എന്താണ്?" ഉടനെ കുരുമുളക് മറുപടി പറഞ്ഞു: "ഉരുണ്ടിരുന്നാൽ പോരാ ഉള്ളിലെരിവുവേണം".

"ബാഹ്യമായ മോടികളായ പിന്നിയ മുടിയോ സ്വർണ്ണാഭരണമോ, വിശേഷ വസ്ത്രങ്ങളോ അല്ല നിങ്ങളുടെ അലങ്കാരം. പിന്നെയോ ദൈവസന്നിധിയിൽ വിശിഷ്ടമായ, സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വര രത്നം അണിഞ്ഞ ആന്തരിക വ്യക്തിത്വമാണ്" (1 പത്രോസ് 3:4). പത്രോസ് ശ്ലീഹായുടെ ഈ വാക്യം സ്ത്രീകൾക്കുമാത്രമല്ല എല്ലാ വർക്കും ആത്മപരിശോധനയ്ക്ക് കാരണമാകട്ടെ. കാരണം കർത്താവ് ഹൃദയം പരിശോധിക്കുന്നവനാണ്. ഫലം പുറപ്പെടുത്തുന്ന ജനതയായി നമുക്ക് മാറാം.

**സമർപ്പിതവർഷം**
**2014 നവംബർ 29–**
**2016 ഫെബ്രുവരി 2**




# സമർപ്പിതവർഷത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ

'സമർപ്പിതരുള്ളിടത്ത് ആനന്ദമുണ്ട്'. സമർപ്പിതവർഷത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ പങ്കുവയ്ക്കുന്ന, *ആനന്ദത്തിന്റെ സാക്ഷികൾ* എന്ന തന്റെ ശ്ലൈഹികലേഖനത്തിന്റെ രണ്ടാം ഭാഗം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ ആരംഭിക്കുന്നത് ഈ വാക്കുകളോടെയാണ്. ദൈവത്തിലല്ലാതെ മറ്റൊരിടത്തും ആനന്ദം തേടേണ്ടതില്ലെന്നും സമൂഹങ്ങളിൽ കണ്ടെത്തുന്ന ആധികാരികമായ സാഹോദര്യം തങ്ങളുടെ ആനന്ദം വർദ്ധിപ്പിക്കുന്നുവെന്നും ശുശ്രൂഷ ചെയ്യുന്നതിലുള്ള സമ്പൂർണ്ണ ആത്മദാനം ജീവിതാന്ത്യംവരെ നിലനില്ക്കുന്ന വ്യക്തിപരമായ സാക്ഷാത്കാരം നല്കുന്നുവെന്നും അറിയുവാനും കാണിച്ചുകൊടുക്കുവാനും സമർപ്പിതർ വിളിക്കപ്പെട്ടിരിക്കുന്നു. എല്ലാവരുടെയുംപോലെ ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളിൽ, തന്നോടുള്ള സ്നേഹത്തെപ്രതി കുരിശിലെ പീഡ സഹിച്ച ഈശോയോട് സ്വയം അനുരൂപപ്പെടുന്നു എന്നറിഞ്ഞ് അവയിൽ 'പൂർണമായ ആനന്ദം' സമർപ്പിതർ കണ്ടെത്തണം. സമർപ്പിതർ കണ്ടുമുട്ടുന്നവരെ ആകർഷിക്കാൻ കഴിയുന്ന സന്തോഷമുള്ള വ്യക്തികളായി കാണപ്പെടുമ്പോഴാണ് സമർപ്പിതജീവിതം ഫലമണിയുക.

ഈശോ ഈ ഭൂമിയിൽ എങ്ങനെ ജീവിച്ചു എന്നതിനു സാക്ഷികളായ പ്രവാചകരായി സമർപ്പിതർ മാറണം. ക്ഷീണമുളവാക്കുന്ന, പ്രയോജനരഹിതമെന്നു തോന്നാവുന്ന ദൗത്യങ്ങളിൽനിന്ന് ഒളിച്ചോടാതെ സദാ കൂടെയുള്ള ദൈവത്തിലാശ്രയിച്ച് മുന്നേറണം. സമർപ്പിതർ 'കൂട്ടായ്മയിൽ വിദഗ്ദ്ധർ ആകേണ്ടവരാണ്. ആദ്യം തങ്ങളുടെ ആന്തരികജീവിതത്തിലും തുടർന്നു സഭാസമൂഹത്തിലും അതിന്റെ അതിർത്തികൾക്കപ്പുറവും കൂട്ടായ്മയുടെ ആദ്ധ്യാത്മികത പടുത്തുയർത്തുന്നതിനുവേണ്ടി പരിശ്രമിക്കുന്നത് കൂടുതൽ ഫലപ്രദമായ ഒരു പ്രവാചകസാക്ഷ്യം കൊണ്ടുവരും.

'തങ്ങളിൽത്തന്നെ അടഞ്ഞ വ്യക്തികളാകാതിരിക്കുക. എങ്കിൽ ജീവൻ പകർന്നുകൊണ്ടു ജീവനും പ്രത്യാശ പകർന്നുകൊണ്ടു പ്രത്യാശയും സ്നേഹം ചൊരിഞ്ഞുകൊണ്ടു സ്നേഹവും നിങ്ങൾ കണ്ടെത്തും' എന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു. ലോകത്തിന്റെ ആവശ്യങ്ങളെക്കുറിച്ചുള്ള പരിഗണനകൊണ്ടും പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളോടുള്ള വിധേയത്വംകൊണ്ടും, ഈ സമർപ്പിതവർഷം യഥാർത്ഥത്തിൽ ദൈവത്തിന്റേതായ ഒരു കാലയളവായി, ദൈവകൃപയിൽ സമ്പന്നമായ ഒരു കാലയളവായി, പരിവർത്തനത്തിന്റെ ഒരു കാലമായിത്തീർക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ശ്ലൈഹികലേഖനത്തിന്റെ രണ്ടാം ഭാഗം അവസാനിപ്പിക്കുന്നു.







# ഉത്ഥാനം

**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ആരാധനാവത്സരത്തിലൂടെ സഭ തന്റെ മക്കൾക്ക് ഈശോമിശിഹായുടെ ജീവിതം പകർന്നു കൊടുക്കുകയാണല്ലോ-അങ്ങനെ സഭാതനയർ ഈശോമിശിഹായിൽ രൂപാന്തരപ്പെടുന്ന ജീവിതത്തിലേക്ക് വളരണമെന്നാണ് നമ്മുടെ അമ്മയായ സഭയുടെ അഭിലാഷം. ഇവിടെ പലപ്പോഴും നമ്മിൽ സംഭവിക്കാവുന്ന അപകടം എല്ലാ കാലങ്ങളും അതിന്റെ ആഘോഷങ്ങളും ജീവിതത്തെ സ്പർശിക്കാതെ ഉപരിപ്ലവമായിപ്പോകുന്നു എന്നതാണ്. മംഗലവാർത്താക്കാലത്ത് ക്രിസ്തുമസ് ആഘോഷിച്ചു, ദനഹാത്തിരുനാൾ ആഘോഷിച്ചു, കടന്നുപോയി. നോമ്പുകാലവും കടന്ന് ഉയിർപ്പു കാലമായി. ഈ ആരാധനകാലങ്ങളൊക്കെ ജീവിതബന്ധിയാകാതെ, പുതുമയൊന്നും നമ്മിൽ സൃഷ്ടിക്കാതെ നാം ആഘോഷിക്കുന്ന ദിവ്യ രഹസ്യത്തോട് അനുരൂപണത്തിനൊരു പ്രചോദനമാകാതെ വെറും ഒരു ഓർമ്മയാചരണമായിത്തീരുന്നുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

കൂദാശകളും ദൈവവചനവുമെല്ലാം കൃപാവരത്തിന്റെ നീർച്ചാലുകളാണ്. അതുപോലെ തന്നെ ആരാധനാവത്സരരഹസ്യങ്ങളും കൃപാവരം പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ട് ഓരോ കാലവും ഈശോയുടെ ഏതു ജീവിത കാലഘട്ടത്തെയാണോ പ്രതിനിധീകരിക്കുന്നത് അത് നമ്മിൽ പ്രവർത്തനക്ഷമമാകണം. എല്ലാ കൂദാശകൾക്കുമുള്ളതുപോലെ ഓരോ കാലത്തിനും കഴിഞ്ഞവയെക്കുറിച്ചുള്ള ഓർമ്മ, വർത്തമാനകാലത്തിലെ നിമിഷത്തിന്റെ രഹസ്യം, നാളെയുടെ പ്രവാചകത്വം എന്നീ മൂന്നു വശങ്ങളുണ്ട്.

അതുകൊണ്ട് ഉയിർപ്പുകാലത്ത് ഉത്ഥാന തിരുനാളിന്റെ രഹസ്യത്തിനു മുമ്പിൽ നാം വെറും

കാഴ്ചക്കാരായി നിലകൊള്ളാൻ പാടില്ല; ഉത്ഥാനത്തിന്റെ സന്തോഷം മറ്റുള്ളവർക്ക് ആശംസിക്കുന്നതിൽ മാത്രം തൃപ്തിയടയാനും പാടില്ല. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ പാപത്തിൽ നിന്നും കൃപയുടെ ജീവിതത്തിലേക്കു കടന്നു പോകുന്നതിന് ഒരു പുതുസൃഷ്ടിയായി തീരുന്നതിന് ഇടയാകണം. ഈശോയുടെ ഉത്ഥാനം ലാസറിന്റേതുപോലെ മരണത്തിൽനിന്നും ജീവനിലേക്കുള്ള ഒരു തിരിച്ചുവരവല്ല. മറിച്ച് പൂർണ്ണമായും ഒരു പുതിയ അവസ്ഥയിലേക്കുള്ള എത്തിച്ചേരലാണ് മരണത്തിലൂടെയുള്ള കടന്നുപോകലിൽ ഈശോയിൽ സംഭവിച്ചത്.

ഈശോയുടെ ഉത്ഥാനം എന്താണ് നമുക്ക് പ്രതിനിദാനം ചെയ്യുന്നതെന്ന് നമ്മുടെ എളിയ ഹൃദയംകൊണ്ട് മനസ്സിലാക്കാൻ ശ്രമിക്കാം.

അത് ഈശോയുടെ പക്വതപ്രാപിക്കലിന്റെ വളർച്ചയാണ് നമുക്കു നൽകുന്നത്. ദൈവപുത്രന് ഈ പക്വതയിലേക്കുള്ള വളർച്ചയുടെ ആവശ്യകതയുണ്ടെന്നത് മനസ്സിലാക്കാൻ നമുക്ക് ബുദ്ധിമുട്ടാണ്. തിരുവചനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു'' (ലൂക്കാ 2:52). അതുപോലെ ഹെബ്രായർക്ക് എഴുതിയ ലേഖനത്തിൽ "പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. പൂർണ്ണനാക്കപ്പെട്ടതുവഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായി'' (ഹെബ്രാ 5:8-9). എന്നും പറയുന്നു. ഇതിൽ നിന്നും ഈശോയിൽ പക്വതയിലേക്കുള്ള വളർച്ചയുടെ ഒരു പ്രക്രിയ ഉള്ളതായിട്ടാണ് മനസ്സിലാക്കുന്നത്.

ഉത്ഥാനം ഈശോയുടെ പക്വത പ്രാപിക്കലിന്റെ അവസാനത്തെ നിമിഷമാണ്. ഈശോയുടെ മുൻപുണ്ടായിരുന്ന ഒരു യാഥാർത്ഥ്യത്തിന്റെ മുഴുവന്റെയും സമർപ്പണനിമിഷമെന്നുവേണമെങ്കിൽ പറയാം. മനുഷ്യാവതാരം മുതൽ പീഡാനുഭവമരണം വരെയുള്ള നിമിഷങ്ങളെ ഉത്ഥാനത്തിലൂടെ രൂപാന്തരപ്പെടുത്തി ഉദാത്തമാക്കിതീർത്തു.

അതുകൊണ്ട് ഈശോയുടെ ജീവിതത്തിലുടനീളം ഉണ്ടായിരുന്ന എല്ലാ വികാരവിചാരങ്ങളും പ്രവൃത്തികളും പ്രതികരണങ്ങളുമെല്ലാം ആഴത്തിൽ മനസ്സിലാക്കി നമ്മുടെ ജീവിതത്തിൽ സ്വായത്തമാക്കുവാൻ ശ്രമിക്കുന്നത് ഈ കാലത്തിന്റെ ചൈതന്യത്തിന് യോജിച്ചതാണ്. ഈശോ കുരിശിൽ മരിക്കുന്നത് പ്രാർത്ഥിച്ചുകൊണ്ടും സ്നേഹിച്ചുകൊണ്ടും ക്ഷമിച്ചുകൊണ്ടുമാണ്. ഈശോയുടെ ഹൃദയത്തിന്റെ ഈ ധന്യത ഉത്ഥാനത്തിലൂടെ തീരുകയല്ല, മറിച്ച് അത് കൂടുതൽ ഉദാത്തമായിത്തീരുകയാണ്. ഈശോ ഉത്ഥാനത്തിലൂടെ കുറെക്കൂടെ കൂടുതൽ മനുഷ്യത്വമുള്ളവനായിത്തീരുകയാണ്. തന്റെ മരണത്തിനുശേഷം നിരാശരായി മീൻപിടുത്തത്തിലേക്ക് തിരികെപ്പോയ തന്റെ ശിഷ്യരെ, കടൽകരയിൽ പ്രാതലൊരുക്കി ഒരമ്മയെപ്പോലെ കാത്തിരിക്കുന്ന ഈശോയെയാണ് സുവിശേഷത്തിൽ നാം കാണുന്നത്.

ഈശോയുടെ ഈ വളർച്ചപ്രാപിച്ച പക്വതയിൽ നാം ഭാഗഭാക്കുകളാകുന്നതിനായി അവിടുത്തോടു നമ്മെ മാമ്മോദീസായിലൂടെ ഒട്ടിച്ചു ചേർത്തിരിക്കുകയാണ്. അവിടുത്തോടുള്ള നമ്മുടെ ഈ ഉൾച്ചേരൽ അർത്ഥമാക്കുന്നത് ഈശോയിലുള്ള നമ്മുടെ രൂപാന്തരപ്പെടലാണ്. ഈശോയിൽ നാം കാണുന്ന മാനുഷികവും ദൈവികവുമായ ഓരോ മൂല്യങ്ങളിലുമുള്ള നമ്മുടെ വളർച്ചയാണ്. തീർച്ചയായും ഇതിന് ഈശോയും പരിശുദ്ധാരൂപിയും നമ്മിൽ പ്രവർത്തിക്കണം. എന്നാൽ നമ്മുടെ സഹകരണം ഇല്ലെങ്കിൽ ഈശോയുടെയും പരിശുദ്ധാരൂപിയുടെയും പ്രവർത്തനം നമ്മിൽ ഫലമണിയുകയില്ല എന്നത് വിസ്മരിക്കരുത്. ഒരു കണക്കിൽ നാം സമ്പന്നരായ ദരിദ്രരാണ്. കാരണം സഭയുടെ സമ്പന്നത നമ്മിൽ വാരിക്കോരി ചൊരിയുന്നു. എന്നാൽ അത് സ്വീകരിക്കുന്നതിൽ, സ്വന്തമാക്കുന്നതിൽ, അനുഭവിക്കുന്നതിൽ നാം ദരിദ്രരാണ്.

സ്വാഭാവികതയിൽ അതിസ്വാഭാവികതയെ വളർത്തി നല്ല മനുഷ്യത്വത്തിന്റെ ഉടമയായ പരിശുദ്ധ അമ്മയിൽ നിന്നും ഉത്ഥാന രഹസ്യം തീവ്രതയിൽ ജീവിക്കുവാൻ നമുക്കു പഠിക്കാം.







# ഉത്ഥിതന്റെ പിന്നാലെ

ജിഷ മുണ്ടയ്ക്കത്തൊഴത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പാപത്തെയും മരണത്തെയും സാത്താനെയും പരാജയപ്പെടുത്തി നമുക്ക് രക്ഷ നല്കുവാൻ രക്ഷകനായി അവതരിച്ച ഈശോമിശിഹായുടെ പുതുജീവനിൽ പങ്കുചേരുവാനുള്ള കാലമാണ് ഉയിർപ്പുകാലം.

മത്താ 28:8 ൽ പറയുന്നു "അവർ കല്ലറവിട്ട് ഭയത്തോടും വലിയ സന്തോഷത്തോടും കൂടെ ശിഷ്യന്മാരെ വിവരമറിയിക്കാൻ ഓടിപ്പോയി''. സന്തോഷത്താൽ പലതും വെളിപ്പെടുത്തുവാൻ ഓടുന്ന കാലമാണ് ഉയിർപ്പുകാലം. നോമ്പുകാലത്തിൽ അവനെ അനുഗമിക്കാൻ വേദനകളോടെ ഓടിയെങ്കിൽ ഉയിർപ്പുകാലത്തിൽ അവന്റെ ആഹ്ലാദത്തിൽ പങ്കുചേരുവാൻ നാം ഓടുന്നു. ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലനമറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ ഓടി എത്തുന്നു. എന്തും ആ സ്ത്രീകൾക്ക് സംഭവിക്കാം. എങ്കിലും തങ്ങളുടെ നാഥനെ കാണാൻ അവർ ഓടിവരുന്നു. ഗുരുവും നാഥനുമായവനോടുള്ള സ്നേഹമാണ് അവരെ ഇതിന് പ്രേരിപ്പിച്ചത്. പ്രതിബന്ധങ്ങൾ അറിയാതെ അവർ ഈശോയെ സ്നേഹിച്ചു. തന്റെ ജീവിതത്തെ അറിഞ്ഞവനെ തനിക്കും അറിയാനുള്ള ആവേശത്തോടെയുള്ള ഓട്ടം.... അത് ലോകത്തെ അറിയിക്കുവാനുള്ള തിടുക്കം....

നമ്മുടെ ജീവിതത്തിലും ഈശോയെ ലോകത്തിനു കാണിച്ചു കൊടുവാൻ മഗ്ദലനമറിയത്തെപ്പോലെ നമുക്കും ഓടാം. നമ്മുടെ അഹത്തെ, നമ്മുടെ സ്നേഹമില്ലായ്മയെ, പാപാവസ്ഥകളെ എല്ലാം വലിച്ചെറിഞ്ഞ് ദിവ്യനാഥന്റെ തിരുമുഖഛായ ജീവിതത്തിലും ഹൃദയത്തിലും ഒപ്പി എടുക്കാൻ നമുക്കും ഓടാം. വി. പൗലോസ് ശ്ലീഹാ പറയുന്നു: "നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്ന് ഞാൻ കരുതുന്നു'' (റോമാ 8:18). ഇപ്രകാരം ഉത്ഥാന അനുഭവം സഹനത്തിനു ശേഷം ഉയിർപ്പുണ്ട് എന്നാണ് ഈശോ നമ്മെ പഠിപ്പിക്കുന്നത്. ഈ മഹത്ത്വത്തിൽ പ്രവേശിക്കുന്നതിനായി അനുദിന ജീവിതാനുഭവങ്ങളിലൂടെ നമുക്കും ഓടാം.

# വിശുദ്ധിയുടെ മുത്തുകൾക്ക്



**കൂട്ടുകാരേ, പദപ്രശ്നം പൂരിപ്പിക്കുന്നതിനുമുൻപ് സുവിശേഷത്തിലെ ഉത്ഥാനവിവരണങ്ങളും ‘പ്രതീക്ഷയുടെ പൂമൊട്ടു’കളുടെ ഈ ലക്കവും ശ്രദ്ധാപൂർവ്വം വായിക്കുമല്ലോ....**

**വലത്തോട്ട്**

1. തോമാശ്ലീഹായുടെ അപര നാമം എന്ത്?
2. ആദ്യം കല്ലറയുടെ അടുത്തെത്തിയ ശിഷ്യൻ കല്ലറയിൽ കുനിഞ്ഞു നോക്കിയപ്പോൾ എന്താണ് കണ്ടത്?
3. തോട്ടക്കാരനാണെന്ന് വിചാരിച്ച് മഗ്ദലനാമറിയം ഈശോയെ എങ്ങനെയാണ് അഭിസംബോധന ചെയ്തത്?
4. എത്ര ദിവസങ്ങൾക്കു ശേഷമാണ് ഈശോ രണ്ടാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടത്?
7. വി. യോഹന്നാന്റെ സുവിശേഷപ്രകാരം ഈശോയുടെ ഉത്ഥാനശേഷം അവൻ ആദ്യം പ്രത്യക്ഷപ്പെട്ട വ്യക്തിയുടെ പേര് എന്ത്?
9. സകല വിശുദ്ധരുടെ തിരുനാൾ പൗരസ്ത്യ സഭയിൽ ഉയിർപ്പു കഴിഞ്ഞു വരുന്ന ഏത് ദിവസമാണ് ആചരിക്കുന്നത്?
10. ഈശോ തന്റെ 11 ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ ആ കൂടെ ഇല്ലാതിരുന്ന ശിഷ്യൻ ആരാണ്?
12. ജറുസലേമിൽ നിന്ന് ഏകദേശം എത്ര സ്താദിയോൺ അകലെയാണ് എമ്മാവൂസ്?

**താഴോട്ട്**

5. ഈശോയുടെ ഉത്ഥാനശേഷം ശൂന്യമായ കല്ലറയിൽ ആദ്യം പ്രവേശിച്ചത് ആരാണ്?
6. ഈശോയുടെ ഉത്ഥാനശേഷം അവൻ ആദ്യം ഭക്ഷിച്ചത് എന്താണ്?

**ഇടത്തോട്ട്**


11. ഈശോ മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടത് ഏത് കടൽത്തീരത്തു വച്ചാണ്?
14. ഗുരു എന്ന മലയാളവാക്കിന്റെ ഹെബ്രായ വാക്ക് ഏതാണ്?

**മുകളിലോട്ട്**

8. എമ്മാവൂസിലേക്കുള്ള യാത്രാവേളയിൽ ഈ ദിവസങ്ങളിൽ ജറുസലേമിൽ നടന്ന സംഭവമൊന്നും അറിയാത്ത അപരിചിതനാണോ നീ എന്ന് ഈശോയോട് ചോദിച്ച ശിഷ്യൻ ആര്?
13. ഈശോ സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ട സ്ഥലം ഏത്?

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | | 5 | | 1 | | | |
| ■ | ■ | | 9 | | | | 6 |
| 10 | | | | | | 11 | |
| ■ | ■ | | | | | 14 | |
| 2 | | | | ■ | 3 | | |
| ■ | ■ | 8 | 13 | 4 | | ■ | |
| 7 | | | | | | | |

*തയ്യാറാക്കിയത്: ലിജോ കരിന്തകരയ്ക്കൽ*



പേര്..........................................................................

വയസ്.........മേൽവിലാസം.......................................................

..............................................................................

.......................................................പിൻ......................

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി – മെയ് 30).

**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018



വിശുദ്ധിയുടെ മുത്തുകൾക്ക്



## ബാലനോവൽ – 4

തന്റെ കൈയിലിരുന്ന വലിയ പൊതിക്കെട്ടിലേക്കു നോക്കി ആനി ചിന്തിച്ചു. ഇത് അപ്പന്റെ കൈയിൽ കൊടുത്താൽ സന്തോഷമാകും. വീട്ടിലേക്ക് അരി വാങ്ങാം, പരീക്ഷാഫീസടയ്ക്കാം, ജോസുകുട്ടിയെ അടുത്തവർഷം സ്കൂളിൽ ചേർക്കേണ്ടതല്ലേ– അവനൊരു ബാഗു വാങ്ങാം. മേരിചേച്ചിക്ക് പത്താം ക്ലാസ്സുകഴിഞ്ഞ് വലിയ സ്കൂളിൽ പഠിക്കാൻ വേണ്ട പണം കൊടുക്കാം. അങ്ങനെ ആ കുരുന്നു മനസ്സിൽ വലിയ ചിന്തകൾ ഒട്ടേറെ കടന്നുവന്നു.... “ചേച്ചീ, ആരോ വരുന്നുണ്ട്. വികാരിയച്ചനാണെന്നു തോന്നുന്നു”. ദൂരേക്കു കൈചൂണ്ടി മിനി പറഞ്ഞു. “ആ പൈസ ഇങ്ങുതന്നേ ഞാനെന്റെ ബാഗിൽ വച്ചോളാം...” റ്റോമി തന്റെ കുറുമ്പ് ഇവിടെയും ഒട്ടും കുറച്ചില്ല.

“ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ അച്ചോ”, “ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ മക്കളെ... കുറുമ്പൊന്നും കാട്ടാതെ മിടുക്കരായി പഠിച്ചോണം കേട്ടോ. പിന്നെ, അപ്പനും മേരിചേച്ചിയും പറയുന്നത് അനുസരിക്കുകയും വേണം”. “ശരി അച്ചാ”. അധികമാരോടും സംസാരിക്കാതെ അംഗൻവാടിയിൽനിന്നും ജോസുകുട്ടിയെയും കൂട്ടി വേഗം വീട്ടിലെത്തുകയെന്നതായിരുന്നു അവരുടെ മനസ്സിലെ ഏക ചിന്ത. പള്ളിയുടെ മുമ്പിലെത്തിയപ്പോഴാണ് പത്തുകല്പനകൾ പഠിക്കുന്ന കാര്യം മിനി ഓർത്തത്. “ആനി ചേച്ചി അതൊന്നു പറഞ്ഞുതരാമോ? വീട്ടിൽ ചെന്നു പറയുമ്പോൾ തെറ്റിച്ചാൽ മേരി ചേച്ചി വഴക്കുപറയും”. “അതിനെന്താ പഠിപ്പിക്കാമല്ലോ... 10– അന്യന്റെ വസ്തുക്കൾ മോഹിക്കരുത്”. ആനി പറഞ്ഞു നിർത്തി. റ്റോമിയുടെ മനസ്സിലേക്ക് ആ വചനം കടന്നുചെന്നത് പെട്ടെന്നായിരുന്നു. അവന്റെ കൈകാലുകൾ വിറച്ചു. “ഈ പണം.... ഇത്.... ഇതു നമ്മുടേതല്ലല്ലോ....”. “ശരിയാ”. മിനിമോളാണു മറുപടി പറഞ്ഞത്. “അന്യന്റെ വസ്തുക്കളെടുത്താൽ അതു പാപമാ...”. (തുടരും...)

**സ്റ്റെഫി മംഗലത്തുകുന്നേൽ**

കൂട്ടുകാരേ, ‘വിശുദ്ധിയുടെ മുത്തുകളിലേക്ക്’ നിങ്ങളുടെ രചനകളെയും സ്വാഗതം ചെയ്യുന്നു. നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചെറുകഥകളും കുട്ടിക്കവിതകളും സത്ചിന്തകളും, ഒരു പേജിൽ കവിയാതെ *പ്രതീക്ഷയുടെ പൂമൊട്ടുകൾക്ക്* അയച്ചുതരിക. സാധ്യമെങ്കിൽ ഫോട്ടോയും. യോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്.




**Bro. Naveen Plackalil**
Mar Thoma Sleeha Centre, Niranam

Easter the greatest feast in the liturgical year invokes in us the message of hope. The resurrection of Jesus Christ heralds us to stop brooding over our worries and to look at the cloudless sky and smile with hope. After his passion, crucifixion and burial Christ triumphantly "rose from the dead" and thus he got the victory over death. Easter also inspires us to embrace the spirit of emancipation; freedom from all bondages, especially from the bondage of sin and its reward, death.





But having liberated from bondages and slavery, unless the seed of hope sprouts in us, we never imbibe the true Easter spirit; or in other words, when you see a ray of hope in the dark abyss of your soul, it is the beginning of your encounter with resurrected Jesus Christ. In the gospel narrative of Luke when Mary Magdalene and other women see the empty tomb they inform the apostles. "But the apostles thought that what the women told was nonsense, and they did not believe them" (Lk 24:11). St. John says that "Mary stood crying outside the tomb" (Jn 20:11). All these suggest that they never realized that Christ resurrected. Jesus had taught them long before that he would resurrect from the dead and he was indeed resurrection and life. John explicitly says this: "They still did not understand the scripture which said that he must rise from death" (Jn 20:9).

Many a times like the women and the apostles we too loose our faith which is because we "do not understand the scripture". We find that whenever we move away from the Word of God, ie. the teachings of Christ whether from the gospel values or the teachings of the Church, we move away from his resurrection. Then we will find ourselves brooding over our sorrows in despair. What did the disciples see, entering the tomb? The saw "…the linen wrappings lying there". Luke writes, "he saw the linen wrappings but nothing else" (Lk 24:12). They were not able to see the signs of resurrection in the empty tomb. They couldn't breathe in the air of resurrection in the empty tomb, but their vision was limited to the "linen wrappings".

The linen wrappings are a mark of Jesus' death. The cloth was used to cover his lifeless body. When they got themselves confined within the linen wrapping, which is vestiges or a symbol of his death, they couldn't think of his resurrection. If we still look down on such clothes and wrappings of dead bodies, i.e., the vestiges of our sins and bondages, we will never come out of the tomb of our sorrows. So we need to raise ourselves from our sins, sorrows and slavery. The Word of God will emancipate and liberate us. If we walk in the path of gospel truths and under the shade of Church's teachings, we find the seedling of hope growing in us. If we have this hope, we will surely reach resurrected Christ. The fruit of this hope will be peace. Because resurrected Christ tells us "Peace be with you".

Yes, in spite of passion, crucifixion and death, yet there is hope: the hope of resurrection; the hope of life, only this hope can bring us everlasting peace. The darkest times do not last forever. We see that a silver lining is bound to appear. That is the reason why the birds can sing in their darkest night, because they believe in the spring. The Romantic poet P.B. Shelley puts it well, "If winter comes, can spring be far behind".

Jesus would come as the promising spring over the bleak winter, and he, the sun of righteousness, will rise over the night of darkness. So as good Christians of strong faith, let us hope for this spring and sunrise, in this Easter time.

കുടുംബ വിശുദ്ധി - 7



# കുടുംബം: സന്തോഷം പകരുന്ന ഇടം

*"ഹൃദയാനന്ദം ഒരുവന്റെ ജീവനും സന്തോഷം അവന്റെ ആയുസ്സും ആണ്. ദുഃഖമകറ്റി ആത്മാവിനെ സന്തോഷിപ്പിക്കുകയും ഹൃദയത്തെ ആശ്വസിപ്പിക്കുകയും ചെയ്യുക; ദുഃഖം അനേകരെ നശിപ്പിച്ചിട്ടുണ്ട്; അത് നിഷ്പ്രയോജനമാണ്"* (പ്രഭാ 30,21-22)

**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

നല്ല സാമർത്ഥ്യമുള്ള ചുണക്കുട്ടനായ ഒരു ബാലനോട് ഞാൻ ഒരിക്കൽ ചോദിച്ചു, മോന് പഠിച്ച് ആരാകാനാണ് ഇഷ്ടം? എനിക്ക് പഠിച്ച് പഠിച്ച് വലുതാകണം. വലുതായിട്ടോ? നല്ല ജോലി കിട്ടണം. എന്തു ജോലിയാ മോന് ഇഷ്ടം? എനിക്ക് വല്യ കളക്ടറാവണം. കളക്ടറായിട്ട് എന്തു ചെയ്യും? നല്ല ഉടുപ്പു വാങ്ങും, മോനു മാത്രമോ? അല്ല, അമ്മയ്ക്കും, പപ്പയ്ക്കും ചേട്ടനും അനിയത്തിക്കും എല്ലാർക്കും വാങ്ങും. അല്പനേരത്തെ മൗനത്തിനുശേഷം അവൻ പറഞ്ഞു, സിസ്റ്ററേ... ഞാനേ... ഒ.ഡി. കാറു വാങ്ങും വലിയ വീടുംവയ്ക്കും. അമ്പട മിടുക്കാ... തന്റെ സ്വപ്നം പങ്കിട്ട സന്തോഷത്താൽ ചിരിച്ചുവട്ടം കറങ്ങിയ കൊച്ചു മിടുക്കനോട് ഒരു ചോദ്യം കൂടി ചോദിച്ചു. ഇതെല്ലാം കഴിയുമ്പോൾ മോൻ എന്തു ചെയ്യും? സുഖവായിട്ട് സന്തോഷത്തോടെ ജീവിക്കും.

ഈ കുരുന്നുമനസ്സിന്റെ ആഗ്രഹമാണ് ഈ ലോകത്തിലെ എല്ലാ മനുഷ്യരുടെയും ആഗ്രഹം, സുഖമായി സന്തോഷമായി സൗഭാഗ്യകരമായി ജീവിക്കുക എന്നത്. സന്തോഷപൂർണമായ ജീവിതം നയിക്കാനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. സകലവിധ സൗഭാഗ്യങ്ങളും പ്രദാനംചെയ്ത് ആദിമാതാപിതാക്കളെ പറുദീസായിലാക്കിയത് സന്തോഷകരമായ കുടുംബജീവിതം നയിക്കാനാണ്. ഈ സന്തോഷത്തിനു കുറവു വന്നത് ദൈവഹിതത്തിന് വിഘാതമായി നിലകൊണ്ടപ്പോഴാണ്. ദൈവഹിതം - ദൈവകല്പന എപ്പോൾ ലംഘിക്കുന്നുവോ അപ്പോൾ ഈ സന്തോഷക്കുറവ് ഇന്നും ആവർത്തിക്കപ്പെടുന്നു. എന്നാൽ ദൈവം നല്കിയ ഈ സന്തോഷത്തിന്റെ പൂർണത വീണ്ടും നല്കുവാൻ വേണ്ടിയാണ് ഈശോ ഈ ലോകത്തിലേക്ക് വന്നത്. ഈശോ പറയുന്നു: "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും. ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടിയാണ്" (യോഹ 15,10-11). ഈശോ പ്രദാനം ചെയ്ത ഈ സന്തോഷം ഓരോ കുടുംബത്തിനും സ്വായത്തമാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ഇന്ന് സമൂഹത്തിൽ, എന്തിനേറെ ഒരേ കുടുംബത്തിലെ അംഗങ്ങൾപോലും പരസ്പരവിട്ടുവീഴ്ചയ്ക്കു തയ്യാറാവാതെ കലഹിക്കുകയും പരസ്പരം കരിതേക്കാനും പാരവയ്ക്കാനും വെട്ടിമുറിപ്പെടുത്താനും വകവരുത്തുവാനുമൊക്കെ വെമ്പൽകൊള്ളുകയും ചെയ്യുന്നു. സഹോദരന്റെ ഉയർച്ചയിൽ സന്തോഷിക്കാനോ, അവന്റെ നന്മയെ വിലമതിക്കാനോ, വിജയങ്ങളിൽ പ്രോത്സാഹിപ്പിക്കാനോ കഴിയാതെ സ്വയം പാപച്ചുഴിയിലേക്ക് കൂപ്പുകുത്തുകയാണിവർ. പ്രകൃതിയിലേക്ക് ഒന്നു കണ്ണുതുറന്നിരുന്നെങ്കിൽ... കൂട്ടംകൂട്ടമായി ആഴിയിൽ നീന്തിത്തുടിക്കുന്ന മത്സ്യങ്ങളിലും കൂട്ടംപിരിയാതെ പറന്നകലുന്ന ആകാശത്തിലെ പക്ഷികളിലും നിരനിരയായി നീങ്ങുന്ന എറുമ്പിൻകൂട്ടങ്ങളിലും നമ്മുടെ ചിന്തയിലും മനസിലും സാഹോദര്യത്തിന്റെ ഒരുമയും സൗഹാർദ്ദതയുടെ ഐക്യവും നല്കുന്ന പാഠങ്ങളല്ലേ ദർശിക്കാനാവുക?

സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും സൗഭാഗ്യം പ്രദാനം ചെയ്യുന്ന വിളനിലമാണ് കുടുംബം. ഇവിടെ സ്വത്തോ, സമ്പത്തോ, സുഖസൗകര്യമോ അല്ല സൗഭാഗ്യം പ്രദാനം ചെയ്യുക. ഇവയെല്ലാം താല്ക്കാലിക സന്തോഷം പ്രദാനം ചെയ്യുന്നവയാണ്. എന്നാൽ ശാശ്വതമായ സന്തോഷം ലഭ്യമാകുന്നത് സാഹോദര്യ ഐക്യമാകുന്ന ഒരുമയിലാണ്. മക്കളാണ് കുടുംബത്തിന്റെ സ്വത്ത്. ഇന്ന് സമൂഹത്തിൽ, എന്തിനേറെ കുടംബാംഗങ്ങൾ തമ്മിൽപോലും സ്വാർത്ഥതയുടെ, സമ്പത്തിന്റെ, സ്വത്തിന്റെ പേരിൽ ഒക്കെ എത്രയെത്ര കൊലപാതകങ്ങളും വിദ്വേഷവൈരാഗ്യങ്ങളും തർക്കങ്ങളും പിണക്കങ്ങളുമാണ് അരങ്ങേറുക. മാതാപിതാക്കൾ മക്കളെ ഒരുമയോടെ ജീവിക്കാൻ തക്കവിധം രൂപപ്പെടുത്തി വളർത്തിയെടുക്കണം. സ്വാർത്ഥതയും ഒറ്റപ്പെടുത്തലുകളും മക്കൾക്കിടയിൽ ഉണ്ടാകാനിടയാകരുത്. അതുപോലുള്ള സംഭാഷണങ്ങളോ പെരുമാറ്റങ്ങളോ ഉണ്ടെന്നു കണ്ടാൽ തിരുത്താനും മുളയിലേ നുള്ളിക്കളയാനും മാതാപിതാക്കൾക്കു സാധിക്കണം.

സുഖസൗകര്യങ്ങൾക്ക് കുറവ് വന്നാലും സാഹോദര്യവും സ്നേഹവും സഹവർത്തിത്വവും ഉണ്ടെങ്കിൽ സന്തോഷനിർഭരവും സമാധാനപൂർണവുമായ ഒരു കുടുംബജീവിതം നയിക്കാനാവും എന്നത് നിസ്തർക്കമായ കാര്യമാണ്. കുടുംബാംഗങ്ങളുടെ ഒന്നുചേരൽ സന്തോഷത്തിന് നിദാനമാകുന്നു. മൂന്നുകാര്യങ്ങളിലുള്ള ഒരുമിപ്പ് ഇതിന് അടിസ്ഥാനമേകുന്നുണ്ട്. ഒന്ന്, പ്രാർത്ഥനയിലുള്ള ഒന്നുചേരൽ:- ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനില്ക്കും. അനുദിനം കുടംബാംഗങ്ങൾ ഒന്നുചേർന്നു പ്രാർത്ഥിക്കുന്ന ജീവിതാനുഭവം മക്കളിൽ രൂഢമൂലമാകണം. അങ്ങനെയായാൽ അവർ ജീവിതത്തിന്റെ വ്യത്യസ്തതലങ്ങളിലൂടെ കടന്നുപോകുമ്പോൾ ദൈവാശ്രയബോ

ധത്തിൽ വളരാനും നിലനില്ക്കാനും ജീവിതത്തിൽ നല്ല ഒരാഭിമുഖ്യം രൂപപ്പെടുത്താനും വിശ്വാസത്തിനനുസൃതം ജീവിതാനുഭവങ്ങളെ വിലയിരുത്താനും സ്വീകരിക്കാനും ഒക്കെ അവർക്കു കഴിയും.

രണ്ട്, ഭക്ഷണമേശയിലുള്ള ഒന്നുചേരൽ:- ആത്മീയമായ ഒന്നുചേരൽപോലെ ഭൗതികമായ ഒന്നുചേരലും പ്രാധാന്യമർഹിക്കുന്നു. ദിവസത്തിലെ ഏതെങ്കിലും ഒരുനേരമെങ്കിലും കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുക എന്നത് സന്തോഷദായകമാണ്. മാതാപിതാക്കളും മക്കളും ഒന്നു ചേർന്നിരുന്ന് ഭക്ഷണം പങ്കുവയ്ക്കുമ്പോൾ കുടുംബം സന്തോഷത്തിന്റെയും നന്മയുടെയും നിറവ് പങ്കിട്ടനുഭവിക്കുകയാണ്. ഭക്ഷണവേളയിൽ പരസ്പരം വളർത്തുന്നതും നന്മയായിട്ടുള്ളതും സംസാരിക്കുക, പങ്കുവയ്ക്കുക എന്നത് സന്തോഷദായകമാണ്. പ്രഭാ 30,25-ാം വാക്യം ഇവിടെ സ്മർത്തവ്യമാണ് "സന്തോഷവും നന്മയും നിറഞ്ഞവൻ ഭക്ഷണം ആസ്വദിക്കുന്നു".


മൂന്ന്, സംഭാഷണത്തിനായുള്ള ഒന്നുചേരൽ:- കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം ഇവയോടൊപ്പം പ്രധാനമാണ്. മാതാപിതാക്കളെ ശ്രവിക്കുന്ന മക്കളും മക്കളെ ശ്രവിക്കുന്ന മാതാപിതാക്കളും ഒരു കുടംബജീവിതത്തിന്റെ കെട്ടുറപ്പിന് നിദാനമാണ്. മക്കൾ വലുതായാലും ചെറുതായാലും ഓരോ ദിവസത്തെയും വിശേഷങ്ങളുടെ വിവരണം പറയുമ്പോൾ അതു ശ്രവിക്കുന്ന മാതാപിതാക്കളെയാണ് മക്കൾ ഇഷ്ടപ്പെടുക. ആരും ശ്രവിക്കാനില്ലാത്തപ്പോൾ അവർ അനാഥത്വം അനുഭവിക്കുന്നവരായിത്തീരാനോ തങ്ങളെ ശ്രവിക്കുന്ന മറ്റിടങ്ങൾ തേടി പോകാനോ ഇടയായെന്നുവരാം. ഒപ്പം മക്കളോടൊപ്പം ചെലവഴിക്കുന്ന സുന്ദരനിമിഷങ്ങൾ കൂടിയാണിത്. അവരെ ശ്രവിക്കുമ്പോൾ തെറ്റുണ്ടെങ്കിൽ തിരുത്തിക്കൊടുക്കുന്നതിനും വി. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ "മക്കളെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ" (എഫേ 6,4) എന്ന പ്രായോഗിക കാര്യത്തിനും കൂടി ഇതുപയുക്തമാണ്. മാതാപിതാക്കൾക്ക് ഈ അവസരം മക്കളോട് തങ്ങൾക്ക് പറയാനുള്ളവയൊക്കെ പറയാനുള്ള സുവർണാവസരമായി ഇത് വിനിയോഗിക്കുകയും ചെയ്യാം. ഈ ഒന്നുചേരലുകളെല്ലാം കുടുംബാംഗങ്ങളെ സ്നേഹഐക്യത്തിൽ കോർത്തിണക്കുന്നു.

സഹോദരങ്ങൾ പരസ്പരം സഹായിച്ചും സഹകരിച്ചുംകൊണ്ട് സ്നേഹത്തോടെ വർത്തിക്കാനിടയാകണം. ഒപ്പം പരസ്പരം പങ്കുവയ്ക്കുന്ന വിശാലമനോഭാവവും സ്നേഹത്തിന്റെ ശൈലിയും കുടുംബങ്ങളിൽ രൂപമെടുക്കണം. ആ ശൈലി കുഞ്ഞുങ്ങളിൽ ദാനശീലം വളർത്തും. ആവശ്യക്കാരന്റെ നേരെ കണ്ണു തുറക്കാനുള്ള ഒരു ഉൾക്കാഴ്ചയ്ക്കും അത് വഴിയൊരുക്കും. മാതാപിതാക്കളുടെ ജീവിതം നല്ല ബന്ധങ്ങൾ വളർത്തുന്നതിൽ മക്കൾക്ക് മാതൃകയായിരിക്കണം. ഉറ്റവരുമായുള്ള നല്ല സംഭാഷണവും ഉത്തമമായ പെരുമാറ്റവും മക്കൾക്ക് പ്രചോദനാത്മകമാകണം. സഹോദരങ്ങളുടെ നേട്ടങ്ങളെ സ്വന്തം നേട്ടങ്ങളായും കുറവുകളെ സ്വന്തം കുറവുകളായും സ്വീകരിക്കുമ്പോൾ സ്നേഹസന്തോഷത്തോടെ ഒരുമയിൽ സമാധാനവും ശാന്തവുമായ കുടുംബജീവിതം നയിക്കാനുള്ള അന്തരീക്ഷം സംജാതമാകുന്നു. അങ്ങനെ കുടുംബം ഭൂമിയിലെ സ്വർഗമാകും.

സ്വാർത്ഥതയുടെ വിത്തുകൾ പൊട്ടിമുളയ്ക്കുന്ന വിദ്വേഷത്തിന്റെ സ്ഫുലിംഗങ്ങൾ സ്ഫുരിക്കുന്ന ഇക്കാലത്ത് സാഹോദര്യത്തിന്റെ കൈകൾ കോർത്ത് സ്നേഹത്തിന്റെ സൗധം പടുത്തുയർത്താൻ നമുക്ക് പരിശ്രമിക്കാം. "പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്" എന്ന് പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. "എന്തെന്നാൽ അയല്ക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചു കഴിഞ്ഞു" (റോമാ 13,8). "നന്മചെയ്യുന്നതിൽ നമുക്കു മടുപ്പു തോന്നാതിരിക്കട്ടെ. എന്തെന്നാൽ നമുക്കു മടുപ്പുതോന്നാതിരുന്നാൽ യഥാകാലം വിളവെടുക്കാം. ആകയാൽ നമുക്ക് അവസരം ലഭിച്ചിരിക്കുന്നതുകൊണ്ട് സകലമനുഷ്യർക്കും പ്രത്യേകിച്ച്, വിശ്വാസത്താൽ ഒരേ കുടുംബത്തിൽ അംഗങ്ങളായിരിക്കുന്നവർക്ക് നന്മ ചെയ്യാം" (ഗലാ 6,9-10).







# ഉയിർപ്പ്

നോയൽ

*"ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു"* (ലൂക്കാ 24, 5-6).

**അവന്റെ വാക്കിനെ, നോക്കിനെ, പ്രവൃത്തിയെ നെഞ്ചിലേറ്റിയവർക്കെല്ലാം ഉയിരിനെ തൊടുന്ന ഉത്ഥാനാനുഭവം സ്വന്തമാക്കാനായി!!**

-'ഇന്നലെ'കളോട് വിട പറയാൻ ചങ്കുറപ്പു കാട്ടിയ മഗ്ദലേനായ്ക്ക്

-പിന്നിലൂടെ വന്ന് വസ്ത്രവിളുമ്പിൽതൊട്ട രക്തസ്രാവക്കാരിക്ക്

-'ദാവീദിന്റെ പുത്രാ, കരുണതോന്നണേ' എന്ന് നൊന്തുകേണ അന്ധയാചകന്

-ബേത്സെയ്ദാ കുളക്കടവിലെ തളർവാതക്കാരന്

-'നിന്റെ രാജ്യത്തിൽ എന്നെക്കൂടി ഓർക്കണേ' എന്ന് കേണപേക്ഷിച്ച നല്ല കള്ളന്

**ഉത്ഥിതനെ സ്വന്തമാക്കാൻ... ഉത്ഥിതന്റെ സ്വന്തമാകാൻ...**

-വിട പറയാം ഇന്നലെകളോട്

-ഇന്ദ്രിയസുഖങ്ങളെ ത്യജിക്കാം

-വിശ്വാസത്തോടെ അവന്റെ വസ്ത്രാഞ്ചലത്തിൽ എത്തിപ്പിടിക്കാം.

-കരുണ തോന്നണേ, ദാവീദിന്റെ പുത്രാ എന്ന് ഏറ്റുചൊല്ലാം.

-അകക്കണ്ണിന്റെ അന്ധത തിരിച്ചറിയാൻ ശ്രമിക്കാം.

-ആത്മീയജീവിതത്തിൽ വന്ന തളർവാതത്തിൽനിന്ന് മുക്തിനേടാം.

ഇനിയും വൈകിയിട്ടില്ല... അവസാനനിമിഷം എത്തിപ്പിടിക്കാനാവുന്ന കച്ചിത്തുരുമ്പായും ഉത്ഥിതൻ നമ്മുടെ ചാരെയുണ്ട്.

നമുക്കും ഏറ്റുചൊല്ലാം: മമതാമൂർത്തേ, നിന്റെ രാജ്യത്തിൽ എന്നെയും ഓർക്കണമേ.

നോമ്പിന്റെ നോവിലൂടെ കടന്ന് ഉയിർപ്പിന്റെ ഉണ്മയിലേക്ക് മിഴിതുറക്കാം. ഏത് പ്രതികൂലങ്ങളെയും അതിലംഘിക്കുന്ന ഉയിർപ്പിന്റെ ശാന്തി ഉള്ളിൽ നിറയട്ടെ!

വിശുദ്ധരോടൊപ്പം



# അനുഗൃഹീതമീ ഇടം

## (ദൈവദാസൻ പയ്യപ്പിള്ളി വർഗീസ് അച്ചൻ)

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

കാഞ്ഞിരപ്പള്ളി 'ഹോം ഓഫ് പീസിലെ' സുന്ദരമായ ഒരു സായാഹ്നം. അഞ്ചു മണി ആയപ്പോൾ മദർ സുപ്പീരിയർ സിസ്റ്റർ നാൻസി പറഞ്ഞു: "ജിജി സിസ്റ്ററേ, നാളെ കുട്ടികളുടെ കലാപരിപാടികൾ വലിയതോവാള പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് അവതരിപ്പിക്കുന്നുണ്ട്. ഇന്ന് ഏഴു മണിക്ക് ഫൈനൽ റിഹേഴ്സൽ ആണ്. കാണാൻ വരുന്നോ...?" ഒരുപാടു സന്തോഷത്തോടെ, അതിലേറെ അത്ഭുതാദരവോടെ 'ഹോം ഓഫ് പീസിന്റെ' പൂമുഖത്തിരുന്ന് ശാരീരിക വൈകല്യമുള്ള (differently abled) കുരുന്നുകളുടെ കലാവിരുതുകൾ കണ്ടപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകി... അന്ധയായ ജറീന പാടി

"മുൾമുടി അണിഞ്ഞുകൊണ്ടീശോ
എൻ മുഖത്തൊരു മുത്തം നൽകി..."
മുള്ളുകൾ എൻ മുഖത്തെങ്ങും
വിങ്ങുന്ന നൊമ്പരമേകി...

ഹൃദയത്തിന്റെ തേങ്ങലുകൾ പുറത്തുവരാതിരിക്കാൻ ഞാൻ വല്ലാതെ പാടുപെട്ടു...

അരങ്ങുണർത്തൽ, സ്കിറ്റ്, സംഘനൃത്തം... ഒരു മണിക്കൂർ നീണ്ടുനിന്ന പ്രോഗ്രാമിനൊടുവിൽ നിറഞ്ഞുതുളുമ്പിയ എന്റെ കണ്ണുകൾ മുകളിലേക്ക് ഉയർത്തിയപ്പോൾ വേറിട്ട കാഴ്ചയായി ആ പുരോഹിതന്റെ ചിത്രം. Unable ആയവരെ differently abled ആക്കാൻ അവസാന ശ്വാസംവരെ different ആയി ജീവിച്ച ഇടവകപ്പട്ടക്കാരൻ ദൈവദാസൻ പയ്യപ്പിള്ളി വർഗീസ് അച്ചൻ. ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന ആ ചിത്രത്തിലേക്കു നിർന്നിമേഷയായി നോക്കിനിന്നപ്പോൾ വൈകല്യമുള്ളവരെ നെഞ്ചോടമർത്തി അദ്ദേഹം പറയുന്നതുപോലെ "വയ്യാത്തവർ വീട്ടിലിരിക്കേണ്ടവരല്ല". കാതിൽ കുളിർമഴയായി ആ അമൃതവചസ്സുകൾ. കഴിവില്ലാത്തവരെ കർമ്മോത്സുകരാക്കിയ കർമ്മയോഗിയുടെ കർമ്മവീഥിയിലൂടെ അഗതികളുടെ സഹോദരികളോടൊത്തു യാത്ര ചെയ്തപ്പോൾ മനസ്സു മന്ത്രിച്ചു... "അനുഗൃഹീതമീ ഇടം". അഗതികൾക്ക് അനുഗ്രഹമാകാൻ... ആരോരുമില്ലാത്തവർക്ക് ഇടം കൊടുക്കാൻ ദൈവം വിളിച്ചവൻ... പിറന്നത് എറണാകുളം അതിരൂപതയിലെ തേവരയ്ക്കടുത്തുള്ള കോന്തുരുത്തി എന്ന കൊച്ചുഗ്രാമത്തിൽ കുലീനമായ പയ്യപ്പിള്ളി കുടുംബത്തിലായിരുന്നു. ലോനൻ - കുഞ്ഞുമറിയം ദമ്പതികളുടെ ദാമ്പത്യവല്ലരിയിലെ നാലാമത്തെ പുത്രനാണ് വർഗ്ഗീസച്ചൻ. 1876 ആഗസ്റ്റ് 8-ാം തീയതി അദ്ദേഹം ഭൂജാതനായി. ഒമ്പതാംക്ലാസ്സിൽ പഠിക്കുമ്പോൾ ആലങ്ങോട്ട് പുത്തൻപള്ളി സെമിനാരിയിൽ ചേർന്നു. രണ്ടു വർഷത്തെ പഠനത്തിനുശേഷം കാണ്ടി പേപ്പൽ സെമിനാരിയിൽ (ശ്രീലങ്ക) വൈദികപരിശീലനം തുടർന്നു. 1907 ഡിസംബർ 21 ന് കാണ്ടി പേപ്പൽ സെമിനാരിയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു.

1909-1911 വരെ കടമക്കുടി ഇടവകയിൽ വികാരിയായിരുന്നു. പ്രശസ്ത സേവനത്തിന് മംഗളപത്രം ലഭിച്ചിരുന്നു. പിന്നീട് ആലങ്ങോട്ടും ആരക്കുഴയിലും വികാരിയായി സേവനം ചെയ്തു. തിരുവിതാംകൂറിലെ പ്രശസ്ത വിദ്യാലയമായ ആലുവാ സെന്റ് മേരീസ് സ്കൂൾ മാനേജരായി 17 വർഷം പ്രവർത്തിച്ച അദ്ദേഹത്തിന് അനിതരസാധാരണമായ നേതൃത്വപാടവം ഉണ്ടായിരുന്നു. ഒപ്പം ദൈവദത്തമായ കരുണയും വാത്സല്യവും അച്ചനിൽ കുടികൊണ്ടിരുന്നു. വേദനിക്കുന്നവർക്ക് സമാശ്വാസകനും കരയുന്നവരുടെ കണ്ണുനീരൊപ്പുന്നവനുമായിരുന്നു. 1924 ജൂലൈ മാസത്തിൽ ആലുവായിലും പരിസരത്തുമുണ്ടായ വെള്ളപ്പൊക്കം ഒട്ടേറെ നാശം വിതച്ചു. ആൾനാശവും വസ്തുനാശവും ഏറെയായിരുന്നു. വീടുകളും കുടിലുകളും നഷ്ടപ്പെട്ടവർക്ക് താമസത്തിനായി അച്ചൻ സ്കൂൾ ഒഴിഞ്ഞുകൊടുത്തു. ഉയർന്ന പ്രദേശങ്ങളിൽ അഭയം തേടിയിരുന്നവർക്ക് ആലുവായിലെ പൗരമുഖ്യരെ കൂട്ടി ഒരുമിച്ച് വാടക വഞ്ചിയിൽ അരിയും കപ്പയുമായി അവരുടെ പക്കൽ എത്തി സഹായവും ആശ്വാസവും നല്കി. സഹജരുടെ വേദനയും രോദനവും അദ്ദേഹത്തിന്റെ അലിവാർന്ന ഹൃദയത്തിൽ ഉൾക്കൊണ്ടിരുന്നു. സാധുക്കൾക്കുവേണ്ടി അദ്ദേഹം സമൂഹമദ്ധ്യത്തിൽ ഒരു യാചകനാകുകയായിരുന്നു. അഗതികൾക്കായി അർപ്പിതരാകാൻ, ആരോരുമില്ലാത്തവർക്ക് അത്താണിയാകാൻ അഞ്ചു കന്യകമാർ മുന്നോട്ടുവന്നു. അവരെ ഒരുമിച്ചുചേർത്ത് 1927 മാർച്ച് 19 ന് "അഗതികളുടെ സഹോദരി"മാരുടെ സന്ന്യാസസമൂഹത്തിന് അദ്ദേഹം രൂപംകൊടുത്തു.

അഗതികളുടെ സന്ന്യാസസമൂഹത്തിന്റെ സ്ഥാപകൻ പയ്യപ്പിള്ളി അച്ചൻ അറിയപ്പെടുന്നത് "വല്യച്ചൻ" എന്ന പേരിലായിരുന്നു. യാത്രാവേളകളിൽ വഴിവക്കിലും കടത്തിണ്ണയിലും മറ്റും അവശരായി കിടക്കുന്ന വൃദ്ധസഹോദരങ്ങളെ സ്വന്തം ചെലവിൽ വാഹനത്തിൽ കയറ്റി സ്ഥാപനത്തിൽ കൊണ്ടുവന്ന് പരിചരിക്കുന്നതിൽ ഹൃദയാഹ്ലാദം ഉണ്ടായിരുന്നു അദ്ദേഹത്തിന്. വ്യത്യസ്തമായ ശുശ്രൂഷയിലൂടെ അച്ചൻ "വലിയ അച്ചനായി".

"അഗതികളുടെ സഹോദരിമാർ" എന്ന പയ്യപ്പിള്ളി അച്ചന്റെ ലഘുജീവചരിത്രത്തിലെ ആ ചിത്രവും അദ്ദേഹത്തിന്റെ വാക്കുകളും എന്നെ വല്ലാതെ സ്പർശിച്ചു: "ഈ പാവപ്പെട്ടവരെ ഈശോയെ എന്നപോലെ ശുശ്രൂഷിക്കണം". പാവപ്പെട്ടവരെ ഈശോയെ എന്നപോലെ ശുശ്രൂഷിച്ച ആ പുണ്യപുരോഹിതൻ 1929 സെപ്റ്റംബർ 9-ാം തീയതി ടൈഫോയിഡ് രോഗബാധിതനായി. മരണത്തോടു മല്ലടിക്കുന്ന നേരത്തും പാവങ്ങളോടു സ്നേഹവും കരുണയും പ്രകാശിപ്പിച്ച അദ്ദേഹം ഒരു പുണ്യചരിതൻതന്നെ. ആശുപത്രിയിൽ അദ്ദേഹത്തിന്റെ മുറിയുടെ അങ്ങേ അറ്റത്തു കിടന്നിരുന്ന ഒരു രോഗി വേദന സഹിക്കവയ്യാതെ നിലവിളിക്കുന്നതു കേട്ടിട്ട് "എന്നെ അവിടേക്കു കൊണ്ടുപോകൂ" എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. നേഴ്സുമാർ കട്ടിലോടുകൂടിതന്നെ ആ രോഗിയുടെ അടുത്തെത്തിച്ചു. ദൈവദാസൻ അയാൾക്കുവേണ്ടി പ്രാർത്ഥിച്ചു. അയാൾ ശാന്തനായി. ആ ശാന്തതയിൽ തന്നെ അന്നു വൈകുന്നേരം മരണമടഞ്ഞു. അഗതികൾക്കും പാവങ്ങൾക്കുമായി സ്വജീവിതം ഉഴിഞ്ഞുവച്ച ആ കെടാവിളക്ക് അപ്പോഴും ജ്വലിക്കുകയായിരുന്നു.

1929 ഒക്ടോബർ 5ന് ദൈവദാസന്റെ പാവനാത്മാവ് സ്വർഗ്ഗത്തിലേക്ക് പറന്നകന്നു. സന്ന്യാസസമൂഹത്തിന്റെ ബാലാരിഷ്ടതകൾ തീരുന്നതിനുമുമ്പേ താൻ ഇറുത്തെടുക്കപ്പെടുകയാണെന്ന

റിഞ്ഞിട്ടും അദ്ദേഹം കുലുങ്ങിയില്ല. വി. കുർബാനയിൽ കേന്ദ്രീകൃതമായ ആദ്ധ്യാത്മികതയുടെ ഉടമയായ അദ്ദേഹത്തിന്റെ സ്വയംദാനം പൂർണ്ണമായി. അദ്ദേഹത്തിന്റെ ഭൗതീകശരീരം കൊന്തുരുത്തി വി. നെപുംസ്യാനോസിന്റെ ദൈവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു. സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക്, പ്രകാശം വർഷിച്ചുനിൽക്കുന്ന ആ കാരുണ്യപുത്രന്റെ നാമം വിശുദ്ധമാകട്ടെ. 2009 സെപ്റ്റംബർ 6 ന് ദൈവദാസപദവിയിലേക്ക് ഉയർത്തപ്പെട്ട അദ്ദേഹത്തിന്റെ ജീവിതസാഗരതീരത്തുനിന്നും ഒന്നോ രണ്ടോ മണൽത്തരി പെറുക്കിയെടുത്ത് കടലാസ്സിൽ പകർത്തിയപ്പോൾ ശരിയായില്ലല്ലോ എന്ന ചിന്ത ശക്തമായി. ഒന്നുകൂടി ആ ലഘുജീവിത ചരിത്രം മറിച്ചുനോക്കി... "ദൈവദാസൻ രോഗശയ്യയിൽ" എന്ന പേജിൽ വീണ്ടും മനസ്സുടക്കി. ആശുപത്രിക്കിടക്കയിൽ കിടന്നുകൊണ്ട് തന്നെ കാണാൻ തന്റെ ചുറ്റുമെത്തിയ മക്കളോട് അദ്ദേഹം പറഞ്ഞു: "പ്രിയ കുഞ്ഞുമക്കളേ, എന്തുതന്നെയായാലും ദൈവതിരുമനസ്സിന് കീഴ്‌വഴങ്ങണം'' നിങ്ങൾ മറിച്ചൊന്നും അപേക്ഷിക്കണ്ട. ദൈവതിരുമനസ്സ് എന്തോ അത് നിറവേറുന്നതിനായി മാത്രം പ്രാർത്ഥിച്ചാൽമതി. ആ പുണ്യപുരോഹിതന്റെ അന്ത്യവചസ്സുകൾ എന്റെ അസ്വസ്ഥതയെ എടുത്തുകാട്ടിയതുപോലെ...

അങ്ങനെയാണ് ചിലരുടെ വാക്കുകൾ... സമാധാനവും സന്തോഷവും സൗഖ്യവും നല്കും...

സ്വസ്ഥമായ മനസ്സോടെ ഹോം ഓഫ് പീസിൽ നിന്നും ഇടനാഴിയിലൂടെ പ്രീസ്റ്റ്ഹോമിലെ ഇടനാഴിയിലെത്തിയപ്പോൾ ജീവിതസായാഹ്നം സുന്ദരമാക്കുന്ന വന്ദ്യവയോധികരെ കണ്ടു... ജീവിതം മുഴുവൻ സഹജർക്കായി തന്നെ ഭരമേല്പിച്ച ദൈവജനത്തിനായി വ്യയംചെയ്ത് കാഴ്ച നഷ്ടപ്പെട്ട്, കേൾവി നഷ്ടപ്പെട്ട്... പരസഹായംകൂടാതെ ഒന്നുമൊന്നും ചെയ്യാൻ പറ്റാത്തവരെ കണ്ടപ്പോൾ ഒരിക്കൽകൂടി ഞാനാ ഗാനം കേട്ടു...

"എത്ര സമുന്നതമിന്നു പുരോഹിതാ...
നീ ഭരമേറ്റ വിശിഷ്ടസ്ഥാനം
അഗ്നിമയന്മാർ വാനാരൂപികൾ
ആയതിലത്ഭുതമാർന്നിടുന്നു..."

നിറഞ്ഞ മനസ്സോടെ ദിവ്യകാരുണ്യ സന്നിധിയിൽ ഇരുന്നപ്പോൾ ഉത്ഥിതന്റെ സന്ദേശം ഫ്രാൻസീസ് മാർപാപ്പായുടെ വാക്കുകളിലൂടെ ഹൃദയത്തിൽ മുഴങ്ങി. "ഞാൻ ദൈവജനത്തിന്റെ അനുദിന വിശുദ്ധി കാണുന്നു. അതായത് മക്കളെ വളർത്തുന്ന അമ്മയിൽ, കുടുംബത്തിന്റെ ആഹാരത്തിനായി അദ്ധ്വാനിക്കുന്ന പിതാവിൽ, ഏറെ മുറിവുകളുണ്ടായിട്ടും കർത്താവിനെ ശുശ്രൂഷിച്ചതിന്റെ പേരിൽ പുഞ്ചിരിക്കുന്ന വൃദ്ധവൈദികരിൽ, കഠിനാദ്ധ്വാനം ചെയ്യുകയും ആരോരുമറിയാതെ വിശുദ്ധി ജീവിക്കുകയും ചെയ്യുന്ന കന്യാസ്ത്രീകളിൽ" (ഫ്രാൻസീസ് മാർപാപ്പാ).


# ZYRE
## അവധിക്കാലം ആഘോഷമാക്കാം

3 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഒരുക്കുന്ന സുവർണ്ണാവസരം... ZYRE...
ബുദ്ധിക്ക് ഏകാഗ്രതയും ഹൃദയത്തിനു ശാന്തതയും ആത്മാവിനു പോഷണവും ശരീരത്തിന് ഉന്മേഷവും പകർന്ന് സമഗ്രമായ വളർച്ചയ്ക്കുതകുന്ന പഠനങ്ങൾ... പരിശീലനങ്ങൾ....
യോഗ, എയിറോബിക്സ്, പ്രാർത്ഥനാനുഭവങ്ങൾ, വിവിധ രീതികളിലുള്ള ധ്യാനപരിശീലനങ്ങൾ, സതീർത്ഥയാത്ര....
കോട്ടയം സ്പിരിച്ചാലിറ്റി സെന്റർ കേന്ദ്രമാക്കി നടത്തപ്പെടുന്ന സർഗ്ഗാത്മകതയുണർത്തുന്ന ഈ ക്യാമ്പിൽ നിങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക. **Reg. Fee Rs. 2000/-**
**കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക: 0481 2578192**






നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.

ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം-686 018**

# അവിശ്വാസിയായ തോമാ

*ഉത്ഥിതനായ ഈശോ മറ്റു ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടെന്നറിഞ്ഞ തോമ്മാശ്ലീഹാ, "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" എന്നാണല്ലോ പറഞ്ഞത്. ഈശോ യഥാർത്ഥത്തിൽ ഉയിർപ്പിക്കപ്പെട്ടു എന്ന വിശ്വാസം തോമ്മാശ്ലീഹായ്ക്കില്ലായിരുന്നോ?*

**- മരിയ തോമസ്, ഏന്തയാർ**

ചോദ്യത്തിലെ വാക്യം മാത്രമല്ല, "നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹ 20,29) എന്ന ഈശോയുടെ വാക്കുകളും തോമാ വിശ്വാസദൃഢതയില്ലാത്ത ശിഷ്യനാണെന്ന ചിന്തയുണർത്താം. എന്നാൽ 'വിശ്വാസത്തിന്റെ സുവിശേഷം' എന്നറിയപ്പെടുന്ന വി. യോഹന്നാന്റെ സുവിശേഷത്തിലെ വിശ്വാസത്തെപ്പറ്റിയുള്ള പ്രബോധനത്തിന്റെ ഭാഗമായിട്ടുവേണം ഈ ഭാഗം മനസ്സിലാക്കുവാൻ (യോഹ 20: 24-29). ശ്ലീഹന്മാരുടെ സാക്ഷ്യത്തിന്റെ പ്രത്യേകത തന്നെ അവർ ഉത്ഥിതനായ മിശിഹായെ കണ്ടു വിശ്വസിച്ചത് പ്രഘോഷിച്ചു എന്നതാണ്. അവരുടെ വിശ്വാസത്തിന്റെ ഈ പ്രത്യേകതയാണ് സഭാവിശ്വാസത്തിന്റെ അവികലതയ്ക്ക് ഉറപ്പായി ഭവിക്കുന്നതും. തന്മൂലം കണ്ടുവിശ്വസിക്കുവാനുള്ള തോമ്മാശ്ലീഹായുടെ നിർബന്ധം അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ അപാകതയല്ല. മറിച്ച്, ന്യായം മാത്രമാണ്; ശ്ലീഹാ എന്ന നിലയിൽ അദ്ദേഹത്തിന്റെ അവകാശവുമാണ്. അതുകൊണ്ടുതന്നെയാണ് ഈശോ അദ്ദേഹത്തിന് വീണ്ടും പ്രത്യക്ഷനായതും.

"കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു" എന്ന ഈശോയുടെ വാക്കുകൾ തോമായുടെ വിശ്വാസത്തിലുള്ള അപാകതയല്ല സൂചിപ്പിക്കുന്നത്. മറിച്ച്, ഇതൊരു ആശംസയാണ്; വരാനിരിക്കുന്ന വിശ്വാസികളുടെ തലമുറയെല്ലാം കണ്ടുവിശ്വസിച്ച ശ്ലീഹന്മാരെപ്പോലെതന്നെ ഭാഗ്യവാന്മാരാണെന്ന ആശംസ. വിശ്വാസത്തിന്റെ പ്രാധാന്യമാണ് യോഹന്നാൻ സുവിശേഷകൻ ഇവിടെ വെളിവാക്കുക.

മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ വിവിധ രീതിയിലുള്ള വിശ്വാസങ്ങളെ യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നതായി മനസ്സിലാക്കാം. വിശ്വാസത്തിന്റെ സമഗ്രമായ വീക്ഷണം നല്കുക എന്നതാണ് സുവിശേഷകന്റെ ലക്ഷ്യം. അതനുസരിച്ച് വിശ്വാസത്തെ മൂന്നു വിധത്തിൽ മനസ്സിലാക്കാം. ഒന്നാമതായി, അടയാളം ആവശ്യപ്പെടുന്ന വിശ്വാസം. ഇത് ഈശോ അംഗീകരിക്കുന്നില്ല (യോഹ 2,23). രണ്ടാമതായി, ശ്ലീഹന്മാരുടെ വിശ്വാസം - അവർ കണ്ടു വിശ്വസിച്ചു. മൂന്നാമതായി, കാണാതെയുള്ള വിശ്വാസം. ഭാവിയിൽ സഭയിൽ നിലനില്‌ക്കേണ്ടതും സഭയിൽ വളരേണ്ടതുമായ വിശ്വാസജീവിതമാണ് ഇവിടെ പരാമർശിക്കപ്പെടുക. ഇങ്ങനെ നോക്കുമ്പോൾ വിശ്വാസത്തെക്കുറിച്ചുള്ള വി. യോഹന്നാന്റെ ദൈവശാസ്ത്ര കാഴ്ചപ്പാടാണ് ഇവിടെ അനാവരണം ചെയ്യുന്നതെന്നു മനസ്സിലാക്കാം. താൻ സുവിശേഷം രചിച്ചതുതന്നെ 'ഈശോ ദൈവപുത്രനാണെന്നു നാം വിശ്വസിക്കുന്നതിനും അതുവഴി നാം ജീവൻ പ്രാപിക്കുന്നതിനും വേണ്ടിയാണ്' (20,31) എന്ന് യോഹന്നാൻശ്ലീഹാ തുടർന്നു വ്യക്തമാക്കുന്നുമുണ്ട്.




**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

വസന്തം വിരിയുന്ന നീസാൻ മാസം ഇസ്രായേൽ ജനതയ്ക്ക് പെരുന്നാളുകളുടെ കാലമാണ്. കൊടും വേനലിൽ മഴയ്ക്കായി കേഴുന്ന മണ്ണിനെ പ്രകൃതി തന്നെ പ്രത്യാശയിലേക്കും ആനന്ദത്തിലേക്കും നയിക്കുന്നതുപോലെ, ഉത്ഥിതന്റെ സ്വരംകേട്ട് ഉണരാൻ, ജീവിക്കുന്ന ദൈവത്തെ മൃതരുടെ മദ്ധ്യേ തേടാതിരിക്കാൻ, ജീവന്റെ സംരക്ഷകരാകുന്നതിനു പകരം ജീവിക്കാൻ അനുവദിക്കാതെ, സഹോദരങ്ങളെ-സഹജരെ-കല്ലറയ്ക്കുള്ളിലാക്കാൻ വെമ്പുന്ന മനുഷ്യന് മനഃസാക്ഷിയാകാൻ തിരുസഭാതനയരെ കർത്താവ് ക്ഷണിക്കുകയാണ് ഈ ഉയിർപ്പുകാലത്തിലൂടെ.

മിശിഹായുടെ ഉയിർപ്പ് അധരങ്ങൾ കൊണ്ട് ഏറ്റുപറയുകയും എന്നാൽ അകക്കാമ്പിൽ ഈ സത്യത്തെ സ്വീകരിച്ച് ജീവിക്കാതിരിക്കുകയും ചെയ്യുന്ന വിശ്വാസികളുടെ സമൂഹമല്ലേ സഭയെ സംബന്ധിച്ച് ഏറ്റവും വലിയ വെല്ലുവിളി? കൂടെ വസിക്കുന്നവനോട്, കൂടെ നടക്കുന്നവനോട് കൂറുപുലർത്താനായാൽ അതാണ് ക്രൈസ്തവന്റെ ജയം! സഭയുടെ മഹത്ത്വം! ഇത്തരുണത്തിൽ ഉത്ഥാനത്തിലേക്ക് പ്രവേശിക്കാൻ മിശിഹാ ഏറ്റെടുത്ത വിശുദ്ധ വഴികളെ അനുകരിക്കുകയാണ് കരണീയമായിട്ടുള്ളത്. ഈ മഹനീയ വഴികളെ ധ്യാനിച്ച് മാർ അപ്രേമിന്റെ അധരങ്ങളിൽ നിന്ന് ഉയർന്ന സ്തുതിഗീതം ചിന്തോദീപകമാണ്. “കുരിശിൽ നിന്ന് ഫലസമാനം അവൻ ഇറങ്ങി വന്നു. പാതാളത്തിൽ മരണം അവന്റെ മുമ്പിൽ മുട്ടുകുത്തി. കല്ലറയിൽ നിന്ന് ജീവൻ നമുക്ക് ഉദിച്ചു. അവന്റെ ഉത്ഥാനത്തിൽ ജീവൻ അവനെ ആരാധിച്ചു. ആദ്യഫലമായി സ്വർഗ്ഗത്തിലേക്ക് അവൻ കരേറി. ദൈവത്തിന്റെ വലത്തുഭാഗത്ത് നമ്മുടെ രാജാവ് നമുക്കുവേണ്ടി ഇരിക്കുന്നു. അവന്റെ മഹത്ത്വം വാഴ്ത്തപ്പെട്ടതാകുന്നു” (ഉത്ഥാനഗീതങ്ങൾ 1,5-8).

നമ്മുടെ ചുറ്റുപാടുകളിൽ നടമാടുന്ന പാപത്തിന്റെ ഭയാനകത നമ്മെ ഞെട്ടിക്കുന്നു. പാപം





നമ്മിൽ ബന്ധനമായിത്തീർന്നെങ്കിൽ അത് നമ്മുടെ ലോകത്തെ, നമ്മുടെ ജീവിതങ്ങളെ തീരാഭയത്തിലേക്ക് നയിക്കുന്നുവെങ്കിൽ ലോകപാപത്തെ സ്വയം ഏറ്റെടുത്ത് കൊല്ലപ്പെട്ട കുഞ്ഞാടായ മിശിഹായാണ് നമുക്ക് ഉത്തരം; നമ്മുടെ തീർച്ച. അവൻ ശിരസ്സിൽ ഏന്തിയ മുൾക്കിരീടത്തിലൂടെ, ആദത്തിലൂടെ മനുഷ്യകുലത്തിന്റെമേൽ പതിച്ച പാപത്തിന്റെ ബന്ധനങ്ങളെ ഇല്ലാതാക്കി. ദൈവഹിതത്തിന് എതിരായതാണ് പാപമെങ്കിൽ രക്തം വിയർക്കുവോളം സഹിച്ചുകൊണ്ട് ദൈവഹിതത്തിന് വിധേയപ്പെടാൻ ഗത്സമനിയിലെ തീവ്രവേദനയിലേക്ക് ഈശോ നമ്മെ കൂട്ടിക്കൊണ്ടുപോവുകയാണ്. ഈ രക്തം ചിന്തലിന്റെ തീവ്രവേദനയിൽ തൊട്ടുപിന്നാലെ കാണപ്പെടുന്ന മഹത്ത്വത്തിന്റെ മഞ്ഞുകണങ്ങളെ വിസ്മരിക്കരുതെന്ന ഉത്ഥിതന്റെ ഓർമ്മപ്പെടുത്തൽ നാം കാര്യമായി പരിഗണിക്കണം.

മരണശേഷം കുഴിമാടംവരെ സ്വന്തം ജനം നമ്മെ അനുഗമിക്കും; എന്നാൽ മൃത്യുഭയത്തിൽ നിന്നും നിത്യമായ മരണത്തിൽ നിന്നും നമ്മെ രക്ഷിക്കാൻ ഈശോ മരണം വരിച്ചു! മരണത്തിന്റെ നിഴൽ പരത്തുന്ന ഈലോകയാഥാർത്ഥ്യങ്ങളിൽ മരണത്തെ സ്വന്തം മരണത്താൽ തോല്പിച്ച് വിജയംവരിച്ച ഈശോ തരുന്ന രക്ഷിക്കുന്ന സ്നേഹമാണ് നമുക്ക് ശക്തി.

പറന്നുയരുന്ന പക്ഷിയിൽ സ്ലീവായുടെ പ്രതീകം ദർശിക്കുമ്പോൾ ഉത്ഥാനത്തിന്റെ മഹത്ത്വത്തിൽ എത്തിച്ചേരാൻ സ്ലീവായാകുന്ന രഥത്തിൽ നാം പറന്നുയരേണ്ടതുണ്ടെന്ന സത്യം ഈശോ നമ്മെ ഓർമ്മിപ്പിക്കുകയാണ്. വിരിഞ്ഞുനിൽക്കുന്ന സ്ലീവ, വിരിച്ച കൈകളുമായി നമ്മെ കാത്തിരിക്കുന്ന രക്ഷകന്റെ അടയാളമാണ്. ലോകത്തിന്റെ നാലുകോണുകളിലേക്കും കൈകൾ നീട്ടി സൗഖ്യവും വാഗ്ദാനങ്ങളും നൽകുന്ന ഉത്ഥിതന്റെ സാന്നിദ്ധ്യം നാം തിരിച്ചറിയണം. അവനോടൊത്ത് ജീവിക്കുന്നതിന്റെ സന്തോഷം ഉള്ളാകെ നിറയപ്പെടട്ടെ... നിറഞ്ഞു കവിയുന്ന അരുവിയായി അപരന്റെ ജീവിതത്തിന് അലിവും ജീവനും പകരാൻ അത് സ്വച്ഛന്ദം ഒഴുകട്ടെ... മാർ അപ്രേമിന്റെ പ്രാർത്ഥന ഉള്ളിൽ ഉരുവിടാം.

“എന്റെ കർത്താവേ, നിന്റെ കൃപയുടെ, സ്നേഹത്തിന്റെ, രക്ഷയുടെ, സമാധാനത്തിന്റെ പ്രവാഹത്താൽ ഞങ്ങളുടെ ആത്മാക്കളുടെ ദാഹാർത്ത ഭൂമിയെ നീ നിറച്ചാലും. കാരണം അവ പൂർണമായും നിന്റെ ദാനത്തിൽ ആശ്രയിക്കുന്നു. കൃപ നിന്റെ സൃഷ്ടികളെ സുഖപ്പെടുത്താൻ വർഷിക്കപ്പെടുന്നില്ലെങ്കിൽ അവ രോഗഗ്രസ്തമാകും” (ഉത്ഥാന ഗീതം 5,2).

നമുക്കുവേണ്ടി മരിച്ചുയിർത്ത, നമ്മിൽ ജീവിക്കുന്ന ഈശോയിൽ ഈലോക യാഥാർത്ഥ്യങ്ങളെ വായിച്ചെടുക്കാം. നമ്മുടെ രക്ഷകന് വിധേയപ്പെടാം. അങ്ങനെ ഉത്ഥാനാശംസ, സമാധാനത്തിന്റെ സന്തോഷം പരസ്പരം കൈമാറാം.

## പ്രോസാങ്ടിറ്റി ധ്യാനം

ആഘോഷങ്ങളുടെയും വിശ്രമത്തിന്റെയും അവധിക്കാലം ഈശോയൊടൊത്ത് ആഹ്ലാദിക്കുവാൻ അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഒരുക്കുന്ന പ്രോസാങ്ടിറ്റി ധ്യാനത്തിലേക്ക് കൂട്ടുകാർക്ക് സ്വാഗതം!

**സ്ഥലം:** **സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം**
**തീയതി:** **2015 ഏപ്രിൽ 19-23**
**പ്രായപരിധി:** **12-17 വയസ്സ്**

Reg. Fee: ₹ 800

വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:
0481-2578192, 9605105675




**കവിത**

# യാത്ര നാം പോയിടാം

**ജോജി ജോസഫ് മഠത്തിൽപറമ്പിൽ**
തത്തംപള്ളി

ബത്‌ലഹേമിലേക്കൊരു യാത്ര നാം പോയിടാം
ഏറ്റം ദരിദ്രനായ് ജനിച്ചവനെ കാണാം
ഈജിപ്തിലേക്കൊരു യാത്ര നാം പോയിടാം
ജീവരക്ഷയ്ക്കായ് ഓടുന്ന ജീവദാതാവിനെ കാണാം
നസറത്തിലേക്കൊരു യാത്ര നാം പോയിടാം
നാട്ടാശ്ശാരിയുടെ വളർത്തുപുത്രനെ കാണാം
കാനായിലേക്കൊരു യാത്ര നാം പോയിടാം
കൽഭരണിയിലെ മധുരം നുകർന്നിടാം
ബെത്‌സഥായിലേക്കൊരു യാത്ര നാം പോയിടാം
തളർവാതരോഗിയുടെ സൗഖ്യം കാണാം
തിബേരിയൂസിലേക്കൊരു യാത്ര നാം പോയിടാം
അയ്യായിരങ്ങളെ പോറ്റിയവനെ കാണാം
ഗലീലാക്കടലിലേക്കൊരു യാത്ര നാം പോയിടാം
കടലിനു മീതെ നടന്നവനെ കാണാം
ബഥാനിയായിലേക്കൊരു യാത്ര നാം പോയിടാം
മരിച്ചവനെ ഉയിർപ്പിച്ചവനെ കാണാം
കാൽവരിക്കുന്നിലേക്കൊരു യാത്ര നാം പോയിടാം
പീഡനമേൽക്കുന്ന രക്ഷകനെ കാണം
ഗാഗുൽത്താമലയിലേക്കൊരു യാത്ര നാം പോയിടാം
ചങ്കുകീറി വെള്ളം തന്നവനെ കാണാം
കുരിശിൻ ചുവട്ടിലേക്കൊരു യാത്ര നാം പോയിടാം
അമ്മയെ നല്കിയ പുത്രനെ കാണാം
കബറിടത്തിങ്കലേക്കൊരു യാത്ര നാം പോയിടാം
മൂന്നാം ദിവസം ഉയിർത്തവനെ കാണാം
സ്വർഗ്ഗത്തിലേക്കൊരു യാത്ര നാം പോയിടാം
സ്വർഗ്ഗീയതാതനോടൊത്തു വസിച്ചിടാം.



# സെനക്കിൾ തരംഗം

**സന്ദേശം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ഉയിർപ്പുകാലത്തേക്ക് നാം പ്രവേശിക്കുകയാണ്. മിശിഹായുടെ ഉത്ഥാനം നമ്മുടെ പൗരോഹിത്യജീവിതത്തിന്റെയും ശുശ്രൂഷയുടെയും അടിസ്ഥാനമാണ്. വി. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). മിശിഹാ ഉത്ഥാനം ചെയ്തിട്ടില്ലെങ്കിൽ നമ്മുടെ പൗരോഹിത്യജീവിതത്തിനും ശുശ്രൂഷയ്ക്കും അർത്ഥമില്ല. ക്രിസ്തീയജീവിതത്തെയും ക്രിസ്തീയ പൗരോഹിത്യത്തെയും മറ്റു മതപരമായ ജീവിതങ്ങളിൽനിന്നും ശുശ്രൂഷകളിൽനിന്നും വ്യതിരിക്തമാക്കുന്നത് മിശിഹായുടെ ഉത്ഥാനമാണ്. കാരണം, ഉത്ഥാനത്തിലൂടെ മിശിഹാ നമ്മോടൊത്ത് ആയിരിക്കുന്നവനായി മാറിയിരിക്കുന്നു. മറ്റുള്ളവരെല്ലാം ആയിരുന്നവരിൽ വിശ്വസിക്കുന്നവരാണെങ്കിൽ നാം ആയിരിക്കുന്നവനിൽ വിശ്വസിക്കുന്നവരാണ്. ആയിരുന്നവരുടെ ആശയങ്ങളും ആദർശങ്ങളുമാണ് മറ്റെല്ലാ മതങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും അടിസ്ഥാനമെങ്കിൽ, ആയിരിക്കുന്നവന്റെ സാന്നിദ്ധ്യവും പ്രവർത്തനവുമാണ് ക്രിസ്തീയജീവിതത്തിന്റെയും ശുശ്രൂഷയുടെയും അടിസ്ഥാനം. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, മിശിഹായാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2,20) എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ നമ്മിലോരോരുത്തരിലും നിറവേറിയിരിക്കുകയാണ്. നാം ബലിയർപ്പിക്കുമ്പോൾ മിശിഹായാണ് നമ്മിലൂടെ ബലിയർപ്പിക്കുന്നത്. നാം വചനം പ്രഘോഷിക്കുമ്പോൾ മിശിഹായാണ് നമ്മിലൂടെ വചനം പ്രഘോഷിക്കുന്നത്. നാം അജപാലനശുശ്രൂഷ നിർവഹിക്കുമ്പോൾ മിശിഹായാണ് തന്റെ അജപാലനസ്നേഹശുശ്രൂഷ നിർവഹിക്കുന്നത്. മിശിഹായോടുള്ള ഈ താദാത്മ്യപ്പെടൽ അന്വർത്ഥമാകത്തക്കവിധം പൗരോഹിത്യശുശ്രൂഷകൾ നിർവഹിക്കുവാൻ ഈ ഉയിർപ്പുകാലം നമുക്ക് പ്രചോദനമരുളട്ടെ! എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളാശംസകൾ നേരുന്നു.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

**വാർത്തകൾ**

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിലേഴ്സ് മീറ്റിംഗ് 2015 ഫെബ്രുവരി 4,5 തീയതികളിൽ റോമിൽവച്ചു നടന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രമാണരേഖയുടെ വ്യാഖ്യാനം തയ്യാറാക്കിയിടത്തോളം വിശദമായി വിശകലനം ചെയ്ത് വേണ്ട തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തി അന്തിമരൂപം നല്കുകയും ഡയറക്ടറി തയ്യാറാക്കുകയുമായിരുന്നു പ്രസ്തുത മീറ്റിംഗിന്റെ ലക്ഷ്യം. ഇന്ത്യയിൽനിന്നും ജനറൽ മേജർ ഫാദർ ബഹു. മാത്യു വെള്ളാനിക്കലച്ചൻ ഈ മീറ്റിംഗിൽ പങ്കെടുത്തു. ജനുവരി 24 മുതൽ 31 വരെ റോമിൽവച്ച് കത്തോലിക്കാസഭയും ഓറിയെന്റൽ ഓർത്തഡോക്സു സഭകളും തമ്മിൽ നടക്കുന്ന ദൈവശാസ്ത്രപരമായ ഡയലോഗിൽ പങ്കെടുത്തതിനുശേഷമാണ് അദ്ദേഹം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മീറ്റിംഗിൽ സംബന്ധിച്ചത്. റോമിലെ പരിപാടികൾ കഴിഞ്ഞ് ഫെബ്രുവരി 10-ാം തീയതി ബഹു. മല്പാനച്ചൻ ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**മേഴ്സി വെട്ടിക്കുഴക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*ഒന്നാം ദിവ്യരഹസ്യം:* **ദൈവത്തിന്റെ പ്രസാദത്തിനു പാത്രീഭൂതയായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം**
*"ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു"* ലൂക്കാ 1,30. ദൈവത്തിന്റെ പ്രസാദത്തിനു പാത്രീഭൂതയായതിൽ സന്തോഷിക്കുവാനുള്ള ആഹ്വാനം ലഭിച്ച പരി. അമ്മേ, മാമ്മോദീസായിലൂടെ ഞങ്ങൾ ഓരോരുത്തരും ദൈവത്തിന്റെ പ്രസാദത്തിനു പാത്രീഭൂതരായിത്തീർന്നവരാണ് എന്ന് ഉറച്ചു വിശ്വസിക്കുവാനും അതിൽ സന്തോഷിക്കുന്ന ജീവിതം നയിക്കുവാനുമുള്ള കൃപാവരം അങ്ങേ തിരുക്കുമാരനിൽനിന്ന് വാങ്ങിത്തരണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*രണ്ടാം ദിവ്യരഹസ്യം:* **ആനന്ദം പകരുന്ന സാന്നിധ്യത്തിന്റെ ഉടമയായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം**
*"മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞവളായി"* ലൂക്കാ 1,39-41. മിശിഹായുടെ അമ്മയായ പരി. കന്യകാമറിയമേ, അങ്ങേ അഭിവാദനസ്വരം യോഹന്നാന്റെ അമ്മയായ എലിസബത്തിന്റെ കാതിലെത്തിയപ്പോൾ അവളുടെ ഗർഭപാത്രത്തിലെ ശിശു ആനന്ദത്താൽ കുതിച്ചുചാടിയല്ലോ. അമ്മേ, ക്രൈസ്തവരായ ഞങ്ങളുടെ സാന്നിധ്യം എല്ലാവർക്കും രക്ഷാകരമായ ആനന്ദം ഉളവാക്കുന്നതും, ആത്മാവിന്റെ ഫലങ്ങളും ആനന്ദവും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന പ്രേഷിതരായി വർത്തിക്കുന്നതിനുമുള്ള കൃപയ്ക്കായി അങ്ങേ മാധ്യസ്ഥ്യം ഞങ്ങൾ യാചിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*മൂന്നാം ദിവ്യരഹസ്യം:* **രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം**
*"മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കും"* ലൂക്കാ 1,46-49. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിൽ പങ്കുചേർന്ന് ദൈവം നല്കിയ കൃപയെ അനുസ്മരിച്ചുകൊണ്ട് ദൈവത്തിനു സ്തോത്രഗീതം ആലപിച്ച പരി. അമ്മേ, മനുഷ്യജീവിതത്തിലും മനുഷ്യസമൂഹത്തിലും സാമ്പത്തികവ്യവസ്ഥിതിയിലും വിപ്ലവകരമായ മാറ്റം വരുത്തുന്ന ഒരനുഭവമാണ് ദൈവത്തിന്റെ രക്ഷയുടെ അനുഭവം എന്നു മനസ്സിലാക്കുവാനും അതിനു സാക്ഷ്യം വഹിക്കുവാനും മക്കളായ ഞങ്ങൾക്കും ഇടയാകേണ്ടതിനുള്ള കൃപാവരത്തിനായി അങ്ങേ മാധ്യസ്ഥ്യം ഞങ്ങൾ യാചിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*നാലാം ദിവ്യരഹസ്യം:* **വചനാധിഷ്ഠിത ജീവിതം നയിച്ച ഭാഗ്യവതിയായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം**
*"ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും, സഹോദരിയും അമ്മയും"* മർക്കോ 3,35 ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് ഓരോ നിമിഷവും പ്രവർത്തിക്കുകയും ചെയ്ത പരി. അമ്മേ, അമ്മ എപ്രകാരമാണ് ഭാഗ്യവതിയായിത്തീർന്നത് എന്ന് അങ്ങേ തിരുക്കുമാരൻ ലോകത്തിനു വെളിപ്പെടുത്തിയല്ലോ. പരി. അമ്മേ, മാതാവേ, മാമോദീസായിലൂടെ സഭാതനയരായി തീർന്ന ഞങ്ങൾ സഭയുടെ വചനശുശ്രൂഷയിലും കൂദാശാശുശ്രൂഷയിലും സജീവമായി പങ്കുചേർന്നുകൊണ്ട് ഈശോയോടൊത്ത് വചനാധിഷ്ഠിത ജീവിതത്തിനുടമകളായി വർത്തിക്കുവാനുള്ള കൃപയ്ക്കായി അങ്ങേ മാധ്യസ്ഥ്യം ഞങ്ങൾ യാചിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*അഞ്ചാം ദിവ്യരഹസ്യം:* **പ്രാർത്ഥനയിൽ കൃപാവരത്തിന്റെ നിറവിൽ ജീവിച്ച പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.**
*'അവർ സ്ത്രീകളോടും ഈശോയുടെ അമ്മയായ മറിയത്തോടും അവന്റെ സഹോദരന്മാരോടും ചേർന്ന് ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകി"* നട. 1, 14. സെഹിയോൻ മാളികയിൽ ശിഷ്യരുമൊത്ത് പ്രാർത്ഥനയിൽ വ്യാപൃതയായ പരി. അമ്മേ, മംഗളവാർത്തയുടെ നിമിഷംമുതൽ എല്ലാ ജീവിതസാഹചര്യങ്ങളിലും ദൈവത്തിന്റെ രക്ഷാകരമായ പരിപാലനയെ അങ്ങ് ദർശിച്ചുവല്ലോ. ഉത്ഥിതനായ ഈശോയുടെ അരൂപിയാൽ നിറയപ്പെട്ട് ഓരോ നിമിഷവും നവീകരിക്കപ്പെട്ട ജീവിതം നയിക്കുവാനും ഉത്ഥാനത്തിന്റെ സന്തോഷം ഹൃദയത്തിൽ നിറച്ച് അത് എല്ലാവർക്കും പങ്കുവയ്ക്കുവാനുമുള്ള കൃപാവരത്തിനായി അങ്ങേ മാധ്യസ്ഥ്യം ഞങ്ങൾ യാചിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.



## Spirituality Centre Programme

| April | | May | |
|---|---|---|---|
| 1-5 | Holy Week Retreat | 2-6 | Annual Retreat for Apostolic Oblates |
| 10 | All Saints Day Celebration | 7-8 | Retreat for Junior Oblates |
| 11 | Social Animators & School of Bible | 09 | Social Animators & School of Bible |
| 14 | Bible Study Forum | 10-16 | Pro Sanctity Retreat for Children |
| 14-15 | Cenacle Gathering (Sodales & Aspirants) | 19 | Bible Study Forum |
| 19-23 | Retreat for Teenagers | 19-20 | Cenacle Gathering (Sodales & Aspirants) |
| 25 | Recollection for Oblates | 20-24 | Superiors' Convention |
| 26-29 | Retreat for Jubilarians of A.O. | 24-29 | Annual Retreat for A. O. (II[nd] Batch) |



വി. ലൂക്കായുടെ സുവിശേഷം 1-12 അദ്ധ്യായങ്ങൾ ആസ്പദമാക്കി ആധുനിക സീറോ മലബാർസഭയുടെ പ്രഥമ മല്പാനായ ബഹു. മാത്യു വെള്ളാനിക്കലച്ചൻ രചിച്ച *സന്തോഷത്തിന്റെ സുവിശേഷം* എന്ന ഗ്രന്ഥം ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ പന്തലിൽവച്ച് അതിരൂപതാ വികാരി ജനറാളായ പെരിയ ബഹു. ജോസഫ് മുണ്ടകത്തിലച്ചൻ പാറേൽ പള്ളി വികാരി ബഹു. ജേക്കബ് വാരിക്കാട്ടച്ചനു കൊടുത്തുകൊണ്ടു നിർവഹിച്ചു. ഈശോയുടെ സുവിശേഷത്തിലധിഷ്ഠിതമായ ആദ്ധ്യാത്മികജീവിതം നയിക്കുവാൻ സഹായകരമായ ചിന്തകളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഈശോയോടു ചേർന്ന് അവിടുത്തെ ഹിതത്തിനനുസൃതമായ ജീവിതമാണ് ഓരോ ക്രൈസ്തവനും ആവശ്യം. ഈശോയുടെ ജീവിതത്തോടു ബന്ധപ്പെട്ട ചില സംഭവങ്ങളും ഈശോയുടെ വാക്കുകളും വ്യാഖ്യാനിച്ചു നൽകി ബഹു. അച്ചൻ നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയാണ് ഈ ഗ്രന്ഥത്തിലൂടെ. ദൈവഹിതത്തെ മാറ്റിനിർത്തിക്കൊണ്ട് സമാധാനം നേടിയെടുക്കാൻ ശ്രമിക്കുന്ന അന്ധകാരമയമായ ഒരു ലോകത്തിന് വെളിച്ചം പകരാൻ സന്തോഷത്തിന്റെ സുവിശേഷം ഏറെ സഹായകമാണ്.

RNI: KERMAL 15541/11/1/2014-TC
Reg. No: KERMAL/2014/59983

Pratheeshayude Poomottukal
(Malayalam Monthly)
Published: March 2015

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"മിശിഹാ ക്രൂശിതനായ്
മൃത്യുവരിച്ചു സ്വയം
മാനവരക്ഷയ്ക്കായ്
മൃതരിൽനിന്നുമുയിർത്തുപരം
മഹിതോജ്ജ്വലനായ് രാജിച്ചു
പരമപിതാവിൻ സന്നിധിയിൽ
പരമപദത്തിൽ വാഴുന്നു
അവനെന്നും - സ്തോത്രം പാടിടാം"
(ഉയിർപ്പുകാലം, ഞായർ-റംശ)



Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal